## അല്ലാഹുവിന്റെ വചനം

رَبَّنَا اغۡفِرۡ لَنَا ذُنُوۡبَنَا وَاِسۡرَافَنَا فِیۡۤ اَمۡرِنَا وَثَبِّتۡ اَقۡدَامَنَا وَانۡصُرۡنَا عَلَی الۡقَوۡمِ الۡکٰفِرِیۡنَ (آل عمران:148)

‘ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അതിമത്ത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമെ. അവിശ്വസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ.’

(3:148)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ  نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ  وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 4

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

ലക്കം 45

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2019 നവംബർ 07/ഹി:ശം:1398 നുബുവ്വത്ത് 07/ഹി:ഖ: 1441 റബീഉൽ അവ്വൽ 09


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**നിങ്ങൾ മാമൂർ മിനല്ലായുമായി നിങ്ങളെ തുന്നിച്ചേർത്തു വെച്ചിരിക്കുന്നവരാണ്. അതുകൊണ്ട് പ്രതിജ്ഞ ചെയ്തതിനുശേഷം നിഷേധത്തിന്റെ മാലിന്യത്തിൽ വീണ് അനശ്വരമായ ശിക്ഷ വിലക്കുവാങ്ങുന്നവരിൽ ആകാതിരിക്കാൻ അയാൾ പറയുന്ന കാര്യങ്ങൾ ഹൃദയത്തിന്റെ ചെവികൊണ്ട് കേൾക്കുകയും അതനുസരിച്ച് കർമങ്ങൾ ചെയ്യാൻ എപ്പോഴും സന്നദ്ധരായിരിക്കുകയും ചെയ്യുക.**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

### ധാർമികമായി അഭിവൃദ്ധിപ്പെടുന്നതാണ് നമ്മുടെ ജമാഅത്തിന് യുക്തം

ധാർമികമായി അഭിവൃദ്ധിപ്പെടുക എന്നതാണ് നമ്മുടെ ജമാഅത്തിന് യുക്തം. എന്തുകൊണ്ടെന്നാൽ, അൽഇസ്തിഖാമത്തു ഫൗഖൽ കറാമത്തി പ്രസിദ്ധമാണ്. കറാമത്തിന്റെ മീതെയാണ് ഇസ്തിഖാത്ത്. അതായത് സ്ഥിരചിത്തത അത്ഭുതപ്രവൃത്തിയുടെ മുകളിലാണ്. ഓർമിക്കുക! ആരെങ്കിലും അവരുടെമേൽ അതിക്രമം കാണിച്ചാൽ കഴിവിന്റെ പരമാവധി അതിന്റെ മറുപടി മൃദുലമായും സൗമ്യമായും നല്കുക. പകരം വീട്ടുക എന്ന നിലയിലും ബലാൽക്കാരത്തോടും കാഠിന്യത്തോടുംകൂടി പെരുമാറരുത്.

മനുഷ്യനിൽ ആത്മാവുമുണ്ട്. അത് മൂന്നു വിധമുണ്ട്. അമ്മാറ, ലവ്വാമ, മുത്മഇന്ന. അമ്മാറയുടെ അവസ്ഥയിൽ മനുഷ്യന് വികാരങ്ങളേയും കോപങ്ങളേയും നിയന്ത്രിക്കാൻ സാധിക്കുകയില്ല. കണക്കുകൂട്ടലുകളിൽനിന്ന് പുറത്തു ചാടുന്നു. ധാർമികാവസ്ഥ അധഃപതിക്കുന്നു. എന്നാൽ, ലവ്വാമ എന്ന അവസ്ഥയിൽ നിയന്ത്രിക്കുന്നു. കവി സഅ്ദി, ബൂസ്താൻ എന്ന ഗ്രന്ഥത്തിലെഴുതിയ ഒരു ഹിക്കായത്ത് എനിക്ക് ഓർമ വരുന്നു. ഒരു പുണ്യാത്മാവിനെ നായ കടിച്ചു. വീട്ടിൽ വന്നപ്പോൾ അദ്ദേഹത്തെ നായ കടിച്ചു കീറിയിരിക്കുന്നത് വീട്ടുകാർ കണ്ടു. വിവേകം തെളിഞ്ഞിട്ടില്ലാത്ത ഒരു പെൺകുട്ടിയുമുണ്ടായിരുന്നു. അങ്ങ് എന്താണ് നായയെ തിരിച്ചു കടിക്കാതിരുന്നതെന്ന് ആ കുട്ടി ചോദിച്ചു. അയാൾ പറഞ്ഞു: മകളേ! മനുഷ്യനിൽനിന്ന് നായയുടെ സ്വഭാവം ഉണ്ടാകുകയില്ല. ഇപ്രകാരം മനുഷ്യനും ചെയ്യേണ്ടതാണ്; അതായത് ഏതെങ്കിലും ദ്രോഹി ചീത്ത പറഞ്ഞാൽ മുഅ്മിൻ പ്രതികരിക്കാതിരിക്കേണ്ടത് നിർബന്ധമാണ്. ഇല്ലെങ്കിൽ അതേ നായയുടെ കടിക്കുന്ന സ്വഭാവത്തിന്റെ മാതൃക അന്വർഥമാകും. ദൈവസമീപസ്ഥരായ ആളുകളെ വലിയ വലിയ ചീത്തകളാണ് വിളിച്ചത്. അവരെ വളരെ നിന്ദ്യമായി പീഢിപ്പിച്ചു. എന്നാൽ, അവരോടു പറയപ്പെട്ടത് *അഅ്രിള് അനിൽ ജാഹിലീൻ* എന്നായിരുന്നു.(7:200) അവിവേകം പ്രവർത്തിക്കുന്നവരിൽനിന്ന് ഒഴിഞ്ഞു മാറുക. നബി(സ)തിരുമേനി തന്നെയും വളരെ മോശമായ നിലയിൽ ബുദ്ധിമുട്ടിയ്ക്കപ്പെട്ടു. തെറികൾ, ചീത്തകൾ, ദുഷ്ടതകൾ ചെയ്യപ്പെട്ടു. എന്നാൽ, ആ ശരീരധാരിയായ ഉൾകൃഷ്ട ധാർമികഗണം അതിനെതിരിൽ എന്താണ് ചെയ്തത്. അവർക്കുവേണ്ടി ദുആ ചെയ്തു. കാരണം അവിവേകളെ അവഗണിക്കുകയാണെങ്കിൽ നിന്റെ ആദരവിനേയും ജീവനേയും താൻ സുരക്ഷിതമാക്കി വെക്കുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്ത് വെച്ചിരുന്നു. ഈ തെരുവ് മനുഷ്യർക്ക് അദ്ദേഹത്തെ ആക്രമിക്കാൻ സാധിക്കുയില്ല. അങ്ങനെതന്നെയാണ് സംഭവിച്ചതും. നബി(സ)തിരുമേനിയുടെ ശത്രുക്കൾക്ക് അദ്ദേഹത്തിന്റെ ആദരവിനുമേൽ പോറലേൽപിക്കാൻ കഴിഞ്ഞില്ല. സ്വയംതന്നെ നിന്ദ്യരും ഇളിഭ്യരുമായി അവിടത്തെ കാൽക്കീഴിൽ വീണു. അല്ലെങ്കിൽ ആ മഹാത്മാവിന്റെ മുന്നിൽ നശിച്ചൊടുങ്ങി. മനുഷ്യൻ സംഘർഷത്തിലും തന്നെ പരിഷ്കരിച്ചെടുക്കുന്നുവെന്നത് ലവ്വാമയുടെ സവിശേഷ ഗുണമാണ്. ഏതെങ്കിലും അജ്ഞനോ അവിവേകിയോ ചീത്ത വിളിക്കുകയോ അല്ലെങ്കിൽ ദ്രോഹിക്കുകയോ ചെയ്യുകയാണെങ്കിൽ എത്രത്തോളം അതിൽനിന്ന് പ്രതികരിക്കാതെ പിന്മാറുന്നുവോ അത്രത്തോളം ആദരവു പ്രാപിക്കുമെന്നത് നിത്യവുമുള്ള വസ്തുതയാണ്. എത്രത്തോളം അതിനോടു മല്ലിടുകയും പോരാടുകയും ചെയ്യുന്നുവോ അത്രത്തോളം നശിക്കുന്നതായിരിക്കും; നിന്ദ്യത വിലക്കുവാങ്ങുകയായിരിക്കും. നഫ്സ് മുത്മഇന്ന അഥവാ ശാന്തിപ്രാപിച്ച ആത്മാവിന്റെ അവസ്ഥയിൽ മനുഷ്യന്റെ യോഗ്യത നന്മകളും പുണ്യകർമങ്ങളും ആയിത്തീരുന്നു. അവൻ ദുൻയാവിൽനിന്നും അല്ലാഹുവല്ലാത്ത എല്ലാത്തതിൽനിന്നും പൂർണമായും ബന്ധം വിച്ഛേദിക്കുന്നു. അവൻ ഇഹലോകത്തിലൂടെ നടക്കുകയും ചുറ്റിക്കറങ്ങുകുയും ഭൗതികരായ ആളുകളുമായി ഇടപഴകുകയും ചെയ്യുമെങ്കിലും യഥാർഥത്തിൽ അവൻ ഈ ലോകത്തായിരിക്കുകയില്ല. അവനുള്ള ലോകം മറ്റൊന്നായിരിക്കും. അവിടുത്തെ ആകാശവും ഭൂമിയും വേറൊന്നായിരിക്കും.

### അഹ്മദിയ്യാ ജമാഅത്തിന് മഹത്തായ സുവിശേഷം:

അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു: *വ ജായിലുല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി*(3:56) –നിന്നെ പിന്തുടരുന്നവരെ പുനരുഥാനനാൾവരേയും നിഷേധിച്ചവർക്കുപരിയായ നിലയിൽ ആക്കുകയും ചെയ്യും–ഈ തൃപ്തികരമായ വാഗ്ദാനം നസ്റേത്തിൽ ജനിച്ച ഇബ്നു മർയമിനോടു ചെയ്തതാണ്. എന്നാൽ, ഞാൻ നി

**(ശേഷം പേജ് 11ൽ)**

## ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ചുള്ള അടിയന്തര വിളംബരം

2019 ഡിസംബറിൽ നടക്കാൻ പോകുന്ന ഖാദിയാൻ ജൽസസാലാനയെ സംബന്ധിച്ച് ബദ്ർ പത്രത്തിൽ ‘ഇത് 125–ാമത് ജൽസ’യാണെന്ന് വിളംബരം വന്നുകൊണ്ടിരുന്നു. ഈ ചരിത്രപരമായ ജൽസ പരിഗണിച്ച് ഹുദൂർ അയ്യദഹുല്ലാഹ് ചില പ്രത്യേക പരിപാടികൾക്ക് സമ്മതവും തന്നിരുന്നു. ഇതിന്റെ വിവരം സർക്കുലർ മുഖേന ജമാഅത്തുകളെ അറിയിക്കുകയും ചെയ്തിരുന്നു. ഇതിന്നിടയിൽ ‘ഖാദിയാൻ അഹ്മദിയ്യ ചരിത്രവിഭാഗ’ത്തിന്റെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ‘2019–ൽ നടക്കാൻ പോകുന്ന ജൽസ 125–ാമത് ജൽസ അല്ല, 126–ാമത് ജൽസയാണെന്ന് വിവരം ഹുദൂറിനെ അറിയിക്കുകയുണ്ടായി. ഹുദൂർ അയ്യദഹുല്ലാഹ് അതിന് സമ്മതം നല്കുകയും പ്രോഗ്രാം തുടർന്നുകൊണ്ടുപോകാൻ നിർദേശിക്കുകയും ചെയ്തിരിക്കുന്നു. ബദ്ർ വായനക്കാർ ഇക്കാര്യം ശ്രദ്ധിക്കുക **(ഖാഇം മഖാം നാളിർ ഇസ്‌ലാഹ് വ ഇർശാദ്, മർക്കസിയ്യ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

**വിവർത്തനം:അമീൻ മുഹമ്മദ് മാത്ര**

(തുടർച്ച......)ഹുദൂർ പറഞ്ഞു: ഇക്കാര്യങ്ങളൊക്കെ ഉണ്ടെങ്കിലും സത്യമെന്താണെന്നാൽ എപ്പോഴും ഇതുതന്നെയായിരിക്കും നിലനിൽക്കുക. ഇസ്‌ലാം എല്ലാതരത്തിലുള്ള ഭീകരാക്രമണത്തേയും ഭീകരവാദത്തേയും അക്രമപ്രവൃത്തിയേയും പൂർണമായും നിഷേധിക്കുന്നു. മതസ്വാതന്ത്ര്യത്തേയും ആവിഷ്ക്കാരസ്വാതന്ത്ര്യത്തേയും ബാധിക്കുന്ന എല്ലാ ശക്തമായ ചുവടുകളേയും അത് അപലപിക്കുന്നു. ഇസ്‌ലാം ഒരു പരിതഃസ്ഥിതിയിലും ഏതെങ്കിലും തരത്തിലുള്ള ബലാൽക്കാരത്തിനോ അക്രമത്തിനോ അനുവാദം നല്കുന്നില്ല. പ്രത്യുത ഇസ്‌ലാം പറയുന്നത് മതം എന്നത് മനുഷ്യന്റെ മനസ്സുമായി ബന്ധപ്പെട്ട കാര്യമാണെന്നാണ്. ഇതു വിശുദ്ധ ഖുർആനിൽ എഴുതിയിട്ടുള്ളതാണ്. അതുകൊണ്ട് അമുസ്‌ലിമീങ്ങൾക്ക് ഇസ്‌ലാമിനെക്കുറിച്ചുള്ള ആശങ്ക തെറ്റായ ധാരണയിലധിഷ്ഠിതമാണെന്നാണ് എന്റെ ദൃഢമായ വിശ്വാസം.

ഏതു മസ്ജിദ് നിർമിക്കുകയാണെങ്കിലും അനിവാര്യമായിട്ടുള്ളത് ഇസ്‌ലാമിക അധ്യാപനമനുസരിച്ച് അതിന്റെ നിർമാണോദ്ദേശ്യങ്ങൾ മുന്നിൽ വെക്കുക എന്നതാണ്. യഥാർഥ മുസ്‌ലിമീങ്ങൾ മസ്ജിദ് നിർമിക്കുമ്പോൾ അവരുടെ ഉദ്ദേശ്യങ്ങൾ എന്തായിരിക്കും. മസ്ജിദ് എന്തിനാണ് നിർമിക്കുന്നതെന്ന് ആരെങ്കിലും നീതിപരമായ ദൃഷ്ടിയോടെ നോക്കുകയാണെങ്കിൽ, അതിനെ മുസ്‌ലിമീങ്ങൾ പവിത്രമായി മനസിലാക്കുന്നത് എന്തിനാണെന്ന് നോക്കുകയാണെങ്കിൽ യഥാർഥ മസ്ജിദിനെ ഭയക്കേണ്ട കാര്യമില്ലെന്ന് അയാൾക്ക് ബോധ്യം വരുന്നതാണ്. അതുകൊണ്ട് ഇനി തദ്ദേശ വാസികളിൽ ഉണ്ടാകാൻ സാധ്യതയുള്ള എന്തുകാര്യവും കുറയ്ക്കുന്നതിന് മസ്ജിദിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യങ്ങൾ ഞാൻ വിവരിക്കുന്നതാണ്; ഈ മസ്ജിദും എല്ലാ യഥാർഥ മസ്ജിദുകളും എന്തുകാര്യത്തിന്റെ അടയാളമാണെന്ന് മനസ്സിലാകുന്നതിന്!

മസ്ജിദ് നിർമിക്കുന്നതിന്റെ അടിസ്ഥാനപരമായ ഉദ്ദേശ്യം നിസംശയം ഏക ദൈവത്തെ ആരാധിക്കുകയാണ്. അതുകൊണ്ട് മുസ്‌ലിമീങ്ങൾ ഒരുമിച്ചു കൂടുന്ന സ്ഥലങ്ങളാണ് മസ്ജിദുകൾ; അവിടെ അവർ നമിക്കുന്നു. സാഷ്ടാംഗം പ്രണമിക്കുന്നു. അവനെ ആരാധിക്കുന്നു. ദിവസത്തിൽ അഞ്ചു തവണയാണ് അത്തരം ആരാധന. അതിന് നമസ്കാരം എന്നു പറയുന്നു. അത് എല്ലാ മുസ്‌ലിമിന്റേയും വിശ്വാസത്തിന്റെ അടിസ്ഥാന ഭാഗമാണ്. അത് അവനുവേണ്ടി അനുഷ്ഠിക്കേണ്ടത് നിർബന്ധമാണ്. മസ്ജിദുകളുടെ രണ്ടാമത്തെ സുപ്രധാന ഉദ്ദേശ്യം മുസ്‌ലിമീങ്ങൾ ഒന്നിച്ചു ചേർന്ന് ആരാധന നടത്തുന്ന സ്ഥലമെന്നതാണ്. പരസ്പരമുള്ള ബന്ധങ്ങൾ ശക്തമാക്കിക്കൊണ്ട് സമുഹത്തിൽ ഐക്യം ഉണ്ടാക്കാൻ കഴിയുക. അതുകൊണ്ട് മസ്ജിദുകൾ മുഖേന മുസ്‌ലിമീങ്ങൾക്ക് കൂടുതൽ സുഗമമായി സമൂഹത്തിൽ സൽപെരുമാറ്റത്തിന്റേയും സഹതാപത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കാൻ കഴിയുന്നതാണ്. ഏതെങ്കിലുമൊരു മസ്ജിദിന്റെ മൂന്നാമത്തെ ഉദ്ദേശ്യം അമുസ്‌ലിമീങ്ങൾക്ക് ഇസ്‌ലാമികാധ്യാപനങ്ങളെ കുറിച്ച് പറഞ്ഞുകൊടുക്കുക എന്നതാണ്. എല്ലാ സമൂഹങ്ങളോടുമുള്ള കടമകൾ നിറവേറ്റുക. മുസ്‌ലിമീങ്ങൾ ഒന്നിച്ചു ചേർന്ന് തങ്ങളുടെ തദ്ദേശവാസികൾക്ക് സേവനം ചെയ്യാനും സമൂഹത്തിലെ എല്ലാ ആളുകളേയും വർഗവർണവ്യത്യാസം കൂടാതെ സഹായിക്കാനും ഈ മസ്ജിദുകൾ ഒരു പ്ലാറ്റുഫോറം ലഭ്യമാക്കുന്നു.

അല്ലാഹു വിശുദ്ധ ഖുർആനിൽ നാലാമത്തെ അധ്യായമായ നിസാഇലെ മുപ്പത്തിയേഴാം വചനത്തിൽ പറയുന്നു: 'നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്കു നിങ്ങൾ നന്മ ചെയ്യുക;അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും. അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.'

ഈ വിശുദ്ധ വചനത്തിൽ വിശുദ്ധ ഖുർആൻ മുസ്‌ലിമീങ്ങളെ പഠിപ്പിക്കുന്നത് സർവജനങ്ങളോടും സഹതാപത്തോടും വാത്സല്യത്തോടും കൂടി പെരുമാറുക എന്നാണ്. ഇസ്‌ലാം മുസ്‌ലിമീങ്ങളോടു പറയുന്നത്, മാതാപിതാക്കൾ, കുടുംബാംഗങ്ങൾ, മറ്റുള്ള ബന്ധുക്കൾ, സമൂഹത്തിലെ നിരാലംബർ തുടങ്ങി എല്ലാവർക്കും സേവനം ചെയ്യാനാണ്. വിശുദ്ധ ഖുർആൻ അയൽവാസികളോടുള്ള കടമകൾ നിറവേറ്റുന്നതിൽ വലിയ ശക്തി ചെലുത്തുന്നു. അയൽവാസികൾ കൊണ്ടുള്ള ഉദ്ദേശ്യം വീടിന്റെ ചുറ്റുവട്ടത്തു താമസിക്കുന്നവർ മാത്രമല്ല. പ്രത്യുത ഇസ്‌ലാമിൽ അയൽവാസികളെ സംബന്ധിച്ചുള്ള സങ്കല്പം വളരെ വിശാലമാണ്. കേവലം അടുത്തോ അകലത്തോ ഉള്ളവർ മാത്രമല്ല അതിലുള്ളത്. പ്രത്യുത അയൽവാസി എന്നതിന്റെ നിർവചനത്തിൽ തന്റെ കൂടെ ജോലി ചെയ്യുന്ന കൂട്ടുകാരും പെടുന്നു. അല്ലെങ്കിൽ കൂടെ യാത്രചെയ്യുന്നവരും അയാളുമായി ബന്ധമുള്ളവരും പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ ഈ നഗരത്തിലെ എല്ലാ അംഗങ്ങളും ഈ മസ്ജിദിന്റെ അയൽവാസികളാണ്. അതുകൊണ്ട് യഥാർഥമായ മസ്ജിദുകൾ സമൂഹത്തിലെ സമാധാനം കെടുത്തുന്നതിനു പകരം വിവിധ വിഭാഗങ്ങളിലേയും മതങ്ങളിലേയും അംഗങ്ങൾക്കിടയിൽ സമാധാനം പ്രചരിപ്പിക്കുന്നു. മുസ്‌ലിമീങ്ങൾ തങ്ങളുടെ രക്ഷിതാവുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിലും മറ്റാളുകളോടുള്ള കടമകൾ നിറവേറ്റുന്നതിലും മസ്ജിദുകൾ സഹായിക്കുന്നു. ഈ സുപ്രധാനമായ ഉദ്ദേശ്യം പൂർത്തീകരിക്കാത്ത മസ്ജിദുകൾ ഒന്നിനും കൊള്ളാത്തവയാണ്.

ഹുദൂർ പറഞ്ഞു: നമ്മുടെ ചരിത്രം ഇക്കാര്യത്തിന് സാക്ഷിയാണ്.നമ്മൾ മസ്ജിദ് നിർമിക്കുമ്പോൾ ഞാനിപ്പോൾ പറഞ്ഞ ഈ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാൻ ശ്രമിക്കുന്നു; അങ്ങനെ നമ്മൾ നമ്മുടെ സൽപെരുമാറ്റവും നല്ല ഇടപെടലുംകൊണ്ട് കർമപരമായ നിലയിൽ നമ്മുടെ, 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന മോട്ടോ ജീവനോടെ നിലനിറുത്തുന്നുവെന്ന് പ്രകടിപ്പിക്കുന്നു. നമ്മൾ പൊതുമുസ്‌ലിമീങ്ങളോടും അമുസ്‌ലിമീങ്ങളോടും ബന്ധങ്ങൾ നല്ല നിലയിലാക്കാനും സർവമതങ്ങളുമായി ചർച്ചകൾ നടത്താനും ശ്രമിക്കുന്നു. നമ്മൾ നമ്മുടെ അയൽവാസികളെ ആദരിക്കുകയും അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുന്നു. ആവശ്യമുള്ള ഘട്ടങ്ങളിൽ അവരെ സഹായിക്കാൻ തയ്യാറാകുന്നു. രാജ്യത്തെ സ്നേഹിക്കുന്ന പൗരന്മാരാണ് ഞങ്ങൾ. ഇതുതന്നെയാണ് ഞങ്ങളുടെ മതവും മതാധ്യാപനങ്ങളും. ഈ ഉദ്ദേശ്യത്തിനാണ് ഞങ്ങൾ മസ്ജിദുകൾ നിർമിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് മസ്ജിദുകൾ ഭയപ്പെടേണ്ട സ്ഥലമല്ലെന്ന് മനസ്സിലായിട്ടുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്.

ഹുദൂർ പറഞ്ഞു: യഥാർഥ മസ്ജിദ് വെറും ആരാധനയ്ക്കുള്ള സ്ഥലമല്ല. പ്രത്യുത അവിടെ സംഘടിച്ച് സമൂഹത്തിലെ മറ്റു മനുഷ്യരോടുള്ള കടമകൾ നിറവേറ്റേണ്ടുന്ന സ്ഥലം കൂടിയാണ്. വിശുദ്ധ ഖുർആനിലെ മാഊൻ എന്ന അധ്യായത്തിലെ അഞ്ചുമുതൽ ഏഴു വരെയുള്ള വചനങ്ങളിൽ പറയുന്നു:'അപ്പോൾ തങ്ങളുടെ നമസ്കാരത്തെ പറ്റി അശ്രദ്ധരായ നമസ്കാരക്കാർക്ക് നാശം! അന്യരെ കാണിക്കാൻവേണ്ടി സൽക്കർമം ചെയ്യുന്നവരത്രെ അവർ.'(107:5–7)

ഈ വചനങ്ങൾ വ്യക്തമായും പറയുന്നത് അല്ലാഹുവിനെ ആരാധിക്കുന്നുണ്ടെങ്കിൽത്തന്നെയും അവന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നില്ലെങ്കിൽ അവരുടെ നമസ്കാരം റദ്ദു ചെയ്യപ്പെടുമെന്നാണ്. അവരുടെ നമസ്കാരങ്ങൾക്കും മസ്ജിദിൽ വരുന്നതിനും യാഥാർഥ്യമൊന്നുമില്ല. പ്രത്യുത അതൊരു പ്രകടനം മാത്രമാണ്. അവരുടെ നമസ്കാരം വ്യർഥമാണെന്ന് വിശുദ്ധ ഖുർആൻ വ്യക്തമായ നിലയിൽ പറഞ്ഞു. അവരുടെ കപടപരമായ രീതികൾ അവർക്ക് നിന്ദ്യതയും വഴികേടുമല്ലാതെ ഒന്നും വർധിപ്പിക്കുകയില്ല.

ആത്മാർഥനായി അല്ലാഹുവിന് ആരാധന നടത്തുന്ന മുസ്‌ലിം ഒരിക്കലും സമൂഹത്തിന് ഗുണകരമായിട്ടല്ലാത്ത ഒരു പണിയും ചെയ്യുകയില്ലെന്നതാണ് വസ്തുത. ദോഷകരമായിട്ട് ഒന്നും ചെയ്യുകയില്ല. മറ്റുള്ളവരുടെ അവകാശങ്ങൾ തട്ടിയെടുക്കാൻ ശ്രമിക്കുകയുമില്ല. കാരണം അങ്ങനെ ചെയ്യുന്നതുകൊണ്ട് അവന്റെ ഈമാൻ മോശമായിത്തീരുന്നു. അത്തരം കർമം വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയുടെ അധ്യാപനങ്ങൾക്കും കടകവിരുദ്ധമായിത്തീരുന്നു.

ഹുദൂർ പറഞ്ഞു: 'അതുകൊണ്ട് ഞാൻ നിങ്ങൾക്ക് ഒരിക്കൽക്കൂടി ഉറപ്പു തരാനാഗ്രഹിക്കുകയാണ്; ഈ മസ്ജിദിനെക്കുറിച്ച് നിങ്ങൾ ഒരു തരത്തിലും അസ്വസ്ഥരാവേണ്ട ആവശ്യമില്ല. ഈ മസ്ജിദിന്റെ കവാടങ്ങൾ എപ്പോഴും സമാധാന പ്രിയർക്കുവേണ്ടി തുറന്നു കിടക്കുന്നതായിരിക്കും. മനുഷ്യത്വത്തിന് വില കല്പിക്കുന്നവർക്കുവേണ്ടി സദാ തുറന്നു കിടക്കുന്നതായിരിക്കും. എനിക്ക് നിങ്ങളോടു ഉറച്ച വിശ്വാസത്തോടെ പറയാൻ കഴിയും ഇൻശാ അല്ലാഹ് ഈ മസ്ജിദ് സമാധാ

(ശേഷം പേജ് 10ൽ)

**'മാതാപിതാക്കളുടെ സ്വന്തം മാതൃക കുട്ടികൾക്കു മുമ്പിൽ നിലനില്ക്കാത്തിടത്തോളം കുട്ടികളിൽ അത് സ്വാധീനമുണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നമസ്കാരത്തിനും എഴുന്നേല്ക്കുക.'**
**(ഖുത്ബാത്തെ മസ്റൂർ, വാല്യം 3, പേജ് 565)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

**"വ്യക്തിപരമായ നിലയിൽ ലയ്‌ലത്തുൽഖദ്റിൽ നിന്ന് അനുഗ്രഹം പ്രാപിക്കുന്നതിന് ഈ റമളാനിൽ പരസ്പരമുള്ള വൈരാഗ്യങ്ങൾ അവസാനിപ്പിക്കാൻ നമ്മൾ ശ്രമിക്കേണ്ടതാണ്."**
**(ജുമുഅ ഖുത്ബ 25-7-2014)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

## ഖുത്ബ ജുമുഅ

അല്ലാഹുവിന്റെ സത്തയിൽ ദൃഢഗാഢ വിശ്വാസമുണ്ടെങ്കിൽ മാത്രമെ പരലോകത്തെ കുറിച്ചുള്ള വിചാരമുണ്ടാകുകയുള്ളൂ.

താൽക്കാലിക വസ്തുക്കൾ അനശ്വര വസ്തുക്കൾക്കുവേണ്ടി ത്യാഗം ചെയ്യുന്ന മനുഷ്യനാണ് ബുദ്ധിമാൻ

ബാഹ്യമായ പുറന്തോടാകരുത് പ്രത്യുത ആത്മാവാകുക, കാമ്പാകുക.

പരലോക ചിന്തയും അല്ലാഹുവിനോടുള്ള ഭയവുമുള്ളവൻ ഏറ്റവുമാദ്യം തന്റെ ആരാധന സംരക്ഷിക്കാൻ ശ്രദ്ധിക്കുന്നു.

നിശ്ചിത സമയങ്ങളിൽ നമസ്കരിക്കുക എന്നത് നിർബന്ധമാണ്.

തഖ്‌വയുടെമേൽ പണിതുയർത്തിയിട്ടുള്ള മസ്ജിദിൽ മാത്രം നമസ്കരിക്കാനാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്.

യഥാർഥ ഭക്തൻ എല്ലാതരം നന്മയേയും സ്വായത്തമാക്കാൻ ശ്രമിക്കുന്നു.

പരസ്പരമുള്ള ബന്ധങ്ങളിൽ, അല്ലാഹുവിനുവേണ്ടി സ്നേഹത്തോടും മൃദുലഭവത്തോടും
കൂടി പെരുമാറുന്നവർതന്നെയാണ് യഥാർഥ ഭയഭക്തയിൽ നിലകൊള്ളുന്നവർ.

ബയ്അത്തിന്റെ നിബന്ധനകളിൽ സത്യസന്ധതയോടുകൂടി
നിലകൊള്ളാനും അതനുസരിച്ച് ജീവിതം നയിക്കാനും ഉപദേശം.

ഈ ഖുത്ബയോടുകൂടി ഫ്രാൻസിന്റെ 27-ാമത് ജൽസസാലാനയ്ക്ക് തുടക്കം.

**ഖുത്ബ ജുമുഅ 2019 ഒക്ടോബർ 04/1398 അഖാഅ് 04**
**ജൽസാഗാഹ് അഹ്മദിയ്യാ ജമാഅത്ത് ഫ്രാൻസ്**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْھَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَہٗ لَا شَرِيْكَ لَهٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِھْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ
غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് നിങ്ങളുടെ ജൽസ സാലാന ആരംഭിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയ്ക്ക്, 'ശുദ്ധമായ ദീനീ സമ്മേളനം' എന്ന നാമം മാത്രമാണ് നൽകിയിരിക്കുന്നത്. അതിനാൽ ഇതിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും വ്യക്തമായും മനസ്സിലാക്കിയിരിക്കേണ്ടത് തങ്ങളിവിടെ മതപരമായ അറിവും ആത്മീയതയും മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് സമ്മേളിച്ചിരിക്കുന്നത് എന്നാണ്. അതുപോലെ ഞങ്ങളുടെ ദീനീപരമായ അറിവും ആത്മീയാവസ്ഥയും എങ്ങനെ മെച്ചപ്പെടുത്താം എന്ന ചിന്തയോടെയായിരിക്കും ഈ മൂന്നു ദിനങ്ങളും കഴിച്ചുകൂട്ടുക. ഈ ചിന്തയില്ലായെങ്കിൽ പിന്നെ ഇവിടേക്കുള്ള വരവ് നിഷ്ഫലമാണ്. ഇന്ന് ലോകം ദൈവത്തെ വിസ്മരിച്ചുകളയുകയും മതവിശ്വാസികൾ തങ്ങളുടെ മതത്തിൽനിന്ന് അകലുകയും ചെയ്തിരിക്കുന്ന ഈ അവസരത്തിൽ, ഓരോ വർഷവും വരുന്ന കണക്കുകളിൽനിന്ന് മനസ്സിലാകുന്നത് വലിയൊരു വിഭാഗം ജനത ദൈവനിഷേധികളായി മാറിക്കൊണ്ടിരിക്കുന്നുവെന്നാണ്, ഏതുവരെയെന്നാൽ മുസ്ലിമീങ്ങളുടെ അവസ്ഥ നോക്കുകയാണെങ്കിൽ അതും നമ്മളോടു വിളിച്ചോതുന്നത് നാമമാത്ര മുസ്ലമീങ്ങളാണെന്നാണ്. ഭൗതികത അവരെ കീഴടക്കിയിരിക്കുകയാണ്. ഈ അവസരത്തിൽ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നുവെന്നും അദ്ദേഹത്തെ ദീനിന്റെ പരിഷ്കരണത്തിന് നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് അല്ലാഹു അയച്ചതാണെന്നും ഇപ്പോൾ ആ മഹ്ദി മസീഹിന്റേയും മഹ്ദിയുടേയും ദൗത്യത്തെ പൂർത്തിയാക്കേണ്ടത് നമ്മളാണെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ള നമ്മുടെ അവസ്ഥകളെ മെച്ചപ്പെടുത്തുന്നതിലേക്കു ശ്രദ്ധിക്കാതിരുന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബയ്അത്ത് ആത്മാവില്ലാത്ത ബാഹ്യമായ വിളംബരമാണ്. നമ്മുടെ ബയ്അത്ത് പ്രതിജ്ഞ വെറും പേരിനുമാത്രമുള്ളതാണ്. ഇവിടെ ജൽസയിലുള്ള പങ്കുചേരലും വെറു ലൗകികമായ മേളയിൽ പങ്കെടുക്കുന്നതുപോലെയായിരിക്കും. ഓരോ അഹ്മദിയും വളരെയധികം ചിന്തിക്കേണ്ട അവസരമാണിത്. ചിന്തിക്കുന്നതിനോടൊപ്പം ആത്മപരിശോധന നടത്തുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ടുള്ള ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നമ്മുടെ മുമ്പിൽ വെച്ചുകൊണ്ട് ആത്മപരിശോധന നടത്തുകയാണെങ്കിൽ ഈ മൂന്നു ദിനത്തിലെ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കുന്നവരാകുമെന്നു മാത്രമല്ല ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെയ്തിട്ടുള്ള ദുആകൾ കരസ്ഥമാക്കുന്നവരും ആയിത്തീരുന്നതാണ്. പിന്നീട് അവയെ സ്ഥിരമായി നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി ഇഹലോകവും പരലോകവും ഭാസുരമാക്കുന്നവരായിത്തീരുന്നതുമാണ്. നമ്മുടെ അവസ്ഥകൾ മാത്രമല്ല പ്രത്യുത നമ്മുടെ സൽക്കർമങ്ങൾ കരസ്ഥമാക്കുന്നതിനുള്ള പരിശ്രമവും അതനുസരിച്ചുള്ള കർമവും വരുംതലമുറയേയും അല്ലാഹുവിന്റെ സമീപസ്ഥരാക്കി ദീനിൽ നിലകൊള്ളുന്നവരും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരുമാക്കിത്തീർക്കുന്നതാണ്. ലോകം അല്ലാഹുവിൽനിന്നും ദീനിൽനിന്നും അകന്നുപൊയ്ക്കൊണ്ടിരിക്കുമ്പോൾ നമ്മുടെ മക്കൾ അല്ലാഹുവിനോടു അടുക്കുന്നവരായിത്തീരും. ലോകത്തെ, അല്ലാഹുവിന്റെ അടുത്ത് കൊണ്ടുവരുന്നതിന് നിമിത്തമായി മാറും.

അതുകൊണ്ട് നമുക്ക് നമ്മുടെ ബയ്അത്ത് പ്രതിജ്ഞ പൂർത്തിയാക്കണമെങ്കിൽ, നമ്മുടെ തലമുറകളെ രക്ഷിക്കണമെങ്കിൽ ജൽസയുടെ സ്ഥാപനോദ്ദേശ്യങ്ങളായിപ്പറഞ്ഞ കാര്യങ്ങൾ മുന്നിൽ വയ്ക്കേണ്ടത് ആവശ്യമാണ്. ഇക്കാര്യങ്ങളെല്ലാം സദാ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരിക്കുന്നതാണെന്ന പ്രതിജ്ഞയോടെ ഈ മൂന്നു ദിനവും കഴിച്ചുകൂട്ടേണ്ടത് ആവശ്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജൽസയുടെ ഉദ്ദേശ്യങ്ങൾ വിവരിച്ചുകൊണ്ടു പറഞ്ഞു: ആഖിറത്ത് അഥവാ പരലോകജീവിതത്തെ കുറിച്ചുള്ള ചിന്തയുണ്ടാകുക. ജൽസ സംഘടിപ്പിക്കുന്നത് ഇതിൽ പങ്കെടുക്കുന്നവർക്ക് ഇവിടെ താമസിച്ച്, ഈ അന്തരീക്ഷത്തിൽ താമസിച്ച് തങ്ങളുടെ പാരത്രിക ജീവിതത്തെ കുറിച്ച് ചിന്ത ഉണ്ടാകുക എന്നതാണ്. അല്ലാഹുവിനോടുള്ള ഭയം ഉണ്ടാകണം. തഖ്‌വാ അവരിലുണ്ടാകണം. മൃദുലഹൃദയമുണ്ടാകണം. പരസ്പരസ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അന്തരീക്ഷമുണ്ടാകണം. എളിമയും വിനയവും ഉണ്ടാകണം. സത്യത്തിൽ നിലകൊള്ളണം. ദീനീസേവനത്തിന് ചുറു ചുറുക്കുണ്ടാകണം. (ശഹാദത്തുൽ ഖുർആൻ, റൂഹാനീ ഖസാഇൻ വാല്യം 6, പേജ് 394)

നമ്മളിവിടെ സമ്മേളിക്കുന്നതിന്റെ ഉദ്ദേശ്യമിതാകുന്നു. മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്ന ഓരോ പുരുഷനും സ്ത്രീയ്ക്കും യുവാവിനും വൃദ്ധനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശപ്രകാരം പരലോകത്തെക്കുറിച്ചുള്ള ചിന്ത എത്രത്തോളം ഉണ്ടാകണമെന്നാൽ ലൗകികമായ വസ്തുക്കൾ അതിന്നെതിരിൽ ഒന്നുമല്ലാതാകണം. ഈ ഭൗതികലോകത്തു താമസിച്ചുകൊണ്ട് ഇതെല്ലാം വലിയൊരു ജോലിയാണ്. വളരെ വലിയ വെല്ലുവിളിയാണ്.

അത് പൂർത്തിയാക്കുവാൻ വലിയ ജിഹാദ് ആവശ്യമാണ്. അല്ലാഹുവിൽ പൂർണ്ണമായി വിശ്വസിക്കുകയും ഈ ലോകജീവിതം ഏതാനും വർഷത്തേക്കുമാത്രമുള്ളതാണെന്ന് ദൃഢമായി വിശ്വസിക്കുകയും ചെയ്യുമ്പോഴായിരിക്കും ആഖിറത്തിനെക്കുറിച്ചുള്ള ചിന്തയുണ്ടാകുന്നത്. ഏറ്റവും കൂടിയാൽ 80 വർഷം ചിലർ ജീവിക്കും, ചിലർ 90 വർഷം ജീവിക്കും, ചിലർ നൂറു വർഷവും, പക്ഷേ, ഇത്രയും കാലം എല്ലാവർക്കും ലഭിക്കുകയില്ല. ഒരുപാടാളുകൾ അതിനുമുമ്പേ ഈ ലോകത്തുനിന്ന് കഴിഞ്ഞുകടന്നുപോകുന്നു. ഇതിനുശേഷം പിന്നെ പരലോക ജീവിതമാണ്. അതു അനശ്വരമാണ്.

താൽക്കാലിക വസ്തുക്കൾ അനശ്വര വസ്തുക്കൾക്കുവേണ്ടി ത്യാഗം ചെയ്യുന്ന മനുഷ്യനാണ് ബുദ്ധിമാൻ. എന്നാൽ സംഭവിക്കുന്നതെന്താണ്? ഈ താൽക്കാലിക വസ്തുവിനു വേണ്ടി നാം അനശ്വര വസ്തുക്കളെ ത്യാഗം ചെയ്യുന്നു. പിന്നീട് ലൗകികരായവർ തങ്ങളെ വലിയ ബുദ്ധിമാൻമാരായി മനസ്സിലാക്കുന്നു. എന്നാൽ, ഒരു വിശ്വാസി അതിനു വിപരീതമായിരിക്കും ചെയ്യുക. അങ്ങനെതന്നെയാണ് ചെയ്യേണ്ടതും. അങ്ങനെ ചെയ്യുമ്പോഴാണ് മുഅ്മിൻ എന്നു പറയാൻ കഴിയുക. ദൈവഭയം അവന്റെയുള്ളിലുണ്ടാകുകയും അല്ലാഹുവിനോടുള്ള സ്നേഹം ലോകത്തുള്ള മറ്റെല്ലാ സ്നേഹത്തേക്കാളും അതിജയിക്കുകയും ചെയ്യും. അല്ലാഹുവിനോടുള്ള ഭയവും പേടിയുമുണ്ടാകുന്നത് മരിച്ചതിനുശേഷം ശിക്ഷ കിട്ടുമെന്ന ഭയം കൊണ്ടായിരിക്കുകയില്ല. മറിച്ച് എന്റെ പ്രിയപ്പെട്ട അല്ലാഹു എന്നോട് പിണങ്ങുമോ എന്നു ചിന്തിച്ചുകൊണ്ടായിരിക്കും. സ്നേഹത്തിന്റെ ഈയൊരു വികാരമുണ്ടാകുമ്പോഴായിരിക്കും അല്ലാഹുവിന്റെ കല്പനകൾ പ്രാവർത്തികമാക്കാനും ശ്രമിക്കുക. അപ്പോൾ പരലോകം മുന്നിൽവച്ചുകൊണ്ടായിരിക്കും മനുഷ്യന്റെ ഇഹലോകത്തെ എല്ലാ കർമവും. തന്റെ പരിപാലനത്തിനുള്ള സാഹചര്യമൊരുക്കുന്നത് അല്ലാഹുതന്നെയാണെന്നുള്ള ദൃഢവിശ്വാസം അവനുണ്ടാകുന്നു. തന്റെ അല്ലാഹുതന്നെയാണ് തനിക്ക് അനുഗ്രഹങ്ങൾ നല്കുന്നത്. അവയിൽ എല്ലാവിധത്തിലുള്ള അനുഗ്രഹങ്ങളുമടങ്ങുന്നു; ആത്മീയവും ഭൗതികവും. ഞാൻ അവനോടുള്ള ആരാധനയുടെ കടമ നിറവേറ്റുകയാണെങ്കിൽ, ആ അല്ലാഹുവിനെത്തന്നെ സർവശക്തികളുടേയും ഉടമയായി മനസ്സിലാക്കിക്കൊണ്ട് അവന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ടിരിക്കുന്നവനാകുകയാണെങ്കിൽ അവന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കായിക്കൊണ്ടിരിക്കുന്നതായിരിക്കും. ഇൻശാഅല്ലാഹ്.

അവൻ കല്പിച്ചിട്ടുള്ളത് ചെയ്തും അവൻ വിരോധിച്ചിട്ടുള്ളത് ചെയ്യാതേയും ഞാൻ ജീവിച്ചാൽ അവന്റെ അനുഗ്രഹങ്ങളുടെ അനന്തരാവകാശി ആയിക്കൊണ്ടിരിക്കുന്നതായിരിക്കും. അല്ലാഹുവിനെ പൂർണമായും അനുസരിച്ചുകൊണ്ടും തഖ്‌വയിൽനിലനിന്നും അവനോടും അവന്റെ ദാസരോടുമുള്ള കടമകൾ നിറവേറ്റുകയും ചെയ്യുകയാണെങ്കിൽ അവൻ എന്നിൽ സന്തുഷ്ടനായിരിക്കും. ഈ ചിന്തയും ഇതനുസരിച്ചുള്ള കർമവുമാണെങ്കിൽ തീർച്ചയായും അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് അവന്റെ ഉപഹാരങ്ങളും അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നവരാക്കുന്നതാണ്. ഇക്കൂട്ടരാണ് തഖ്‌വയിൽ പദമൂന്നുന്നവർ എന്ന് പറയപ്പെടുന്നത്. ആരാണോ ഈ ചിന്താഗതി വെച്ചു പുലർത്തുന്നത് അതായത് അല്ലാഹുവിന്റെ എല്ലാ കല്പനകളനുസരിച്ചും പ്രവർത്തിക്കുന്നവർ അവരുടെ മനസ്സ് മൃദുലമായിരിക്കും;മൃദുലമാകുന്നു. കാരണം ഓരോ നിമിഷവും അവരുടെ മനസ്സിൽ അല്ലാഹു ഉണ്ടാകുന്നു. പരസ്പരം അല്ലാഹുവിനുവേണ്ടി സ്നേഹവികാരങ്ങൾ ഉണ്ടാകുന്നതും ഇവരിൽത്തന്നെ. അതായത് അവരുടെ സ്നേഹവും സാഹോദര്യവും വ്യക്തിപരമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടി ആയിരിക്കുകയില്ല. മറിച്ച് അല്ലാഹുവിനുവേണ്ടി മാത്രമായിരിക്കും. ഇതുപോലെതന്നെ തഖ്‌വയിൽ പദമൂന്നുന്നവരിൽ വിനയമുണ്ടാകുന്നു. വിനയത്തിന്റെ പ്രകടനം നിലയും വിലയും നോക്കിയായിരിക്കുകയില്ല. നിലയും വിലയും ഉള്ളവരോടു മാത്രമായിരിക്കുകയില്ല വിനയം കാണിക്കുന്നത്. മറിച്ച് അവർ ദരിദ്രരോടും അഗതികളോടും വിനയം കാണിക്കുന്നതായിരിക്കും. ഇക്കൂട്ടരാണ് സത്യസന്ധതയിൽ എപ്പോഴും നിലകൊള്ളുന്നവർ. ചൊവ്വായ സംസാരം അല്ലാഹുവിലോളം എത്തിക്കുമെന്നും കളവ് അന്യാരാധനയിലേക്ക് കൊണ്ടുപോകുമെന്നും അവർ മനസ്സിലാക്കുന്നു. പരലോകത്തെ കുറിച്ച് ചിന്തിക്കുന്നവനും അല്ലാഹുവിനെ ഭയപ്പെടുന്നവനും തഖ്‌വയുടെ യാഥാർഥ്യം അറിയുന്നവനുമായ ഒരുവന് മുഅ്മിൻ എന്ന് പറഞ്ഞിട്ട് കളവ് എങ്ങനെയാണ് പറയാൻ കഴിയുക. ഇക്കാര്യങ്ങൾ കരസ്ഥമാക്കുന്നവരും നന്മയുടെ ആത്മാവ് മനസ്സിലാക്കുന്നവരും തന്നെയാണ് ദീനിന്റെ സേവനത്തിലും യഥാർഥത്തിൽ ഉത്സുകരാകുന്നത്. ഇല്ലെങ്കിൽ ഈ സേവനവും പ്രത്യക്ഷത്തിൽ കുറച്ചു നേട്ടങ്ങൾക്കുവേണ്ടിയായിരിക്കും. മുസ്‌ലിമീങ്ങളിൽ നൂറുക്കണക്കിന് ഉലമാ ദീനിന്റെ പേരിൽ ബാഹ്യമായി നോക്കുമ്പോൾ വളരെ ഉത്സുകരായി കാണാറുണ്ട്. ഉള്ളിലൂടെ ദീനിന്റെ പേരിൽ അക്രമവും ചെയ്തുകൊണ്ടിരിക്കുന്നു. അവരിൽ തഖ്‌വയുടെ കുറവുണ്ട്. അവരിൽ അല്ലാഹുവിനോടുള്ള ഭയം കാണാൻ കഴിയുകയില്ല. അവർക്ക് പരലോകത്തെക്കാളുപരി ഭൗതിക നേട്ടങ്ങളാണ് പ്രിയപ്പെട്ടത്. അല്ലാഹുവിന്റേയും പരലോകത്തിന്റേയും പേരു പറയുന്നുവെന്ന് മാത്രം.

അതിനാൽ ഇക്കാര്യങ്ങളുടെ ആത്മാവിന്റെ ആവശ്യമുണ്ട്. അത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മളിൽ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നു. അതായത് വെറും പുറന്തോടാകരുത് മറിച്ച് ആത്മാവും കാമ്പും ഉണ്ടായിരിക്കണം. ഇക്കാര്യങ്ങൾ മുന്നിൽവച്ചുകൊണ്ട് നമുക്ക് ആത്മപരിശോധന നടത്തേണ്ടതുണ്ട്. ഈ ഉദ്ദേശ്യത്തോടെയാണോ നാം ജൽസയിൽ പങ്കെടുക്കുന്നത്? ഈ ഉദ്ദേശ്യം കരസ്ഥമാക്കുവാനുള്ള വികാരം നമ്മിലുണ്ടോ? അഥവാ മാനുഷിക ബലഹീനതകൾ കാരണമായി ഈ ഉദ്ദേശ്യങ്ങളെ പ്രാപിക്കുന്നതിൽ ഭൂതകാലത്ത് വല്ല വീഴ്ചയോ പിഴവുകളോ സംഭവിച്ചിട്ടുണ്ടെങ്കിൽ ഭാവിയിൽ ഒരു പുതിയ ദൃഢനിശ്ചയത്തോടെ ആ നന്മകളെല്ലാം ഉണ്ടാക്കിയെടുക്കുന്നതിനും അത് നിലനിറുത്തുന്നതിനും കഴിവിന്റെ പരമാവധി പരിശ്രമിക്കാൻ തയ്യാറാണോ? അങ്ങനെ ചെയ്യുമോ? ഐഹിക ജീവിതത്തെക്കാൾ കൂടുതൽ പരലോകത്തെ കുറിച്ച് ചിന്തിക്കുന്നവരായിരിക്കുമെന്ന് ഇന്ന് നമ്മൾ പ്രതിജ്ഞ ചെയ്യുകയാണ്; അല്ലാഹുവിനോടുള്ള ഭയത്തിനും അവനെ സ്നേഹിക്കുന്നതിനും മറ്റെല്ലാറ്റിനെക്കാളുമുപരി മുൻതൂക്കം നല്കുന്നതായിരിക്കും; നമ്മൾ തഖ്‌വയുടെ അതിസൂക്ഷ്മമായ പാതയിലൂടെ ചരിക്കുന്നതിന് പരമാവധി പരിശ്രമിക്കുന്നതായിരിക്കും; നമ്മൾ മറ്റുള്ളവർക്കുവേണ്ടി നമ്മുടെ ഹൃദയത്തെ മൃദുലമാക്കുന്നതായിരിക്കും; സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മാതൃക സ്ഥാപിക്കും വിധം പരസ്പരം സ്നേഹവും സാഹോദര്യവും വർധിപ്പിക്കുന്നതായിരിക്കും; വിനയത്തിലും ആതിഥ്യത്തിലും നമ്മൾ മുന്നേറുന്നവരായിരിക്കും; സത്യസന്ധതയും ചൊവ്വായ വാക്കു സംസാരിക്കലും നമ്മുടെ സവിശേഷതയായിരിക്കും; അത് കണ്ട് ഇവർ അഹ്മദികളാണെന്നും എപ്പോഴും സത്യത്തിൽ നിലകൊള്ളുന്നവരും സത്യം പറയുന്നതിന് വലിയ വലിയ നഷ്ടങ്ങൾ സഹിക്കുന്നവരുമാണെന്ന് ഓരോ വ്യക്തിയും പറയും! അതോടൊപ്പം അല്ലാഹുവിന്റെ ദീനിനെ സ്വന്തം ചുറ്റുപാടിലുള്ള ഓരോ വ്യക്തിയിലും എത്തിക്കാൻ ശ്രമിക്കുകയും ഇതുതന്നെയാണ് യഥാർഥ മതമെന്ന് പറഞ്ഞുകൊടുക്കുക്കുകയും ചെയ്യുന്നതായിരിക്കും.

ഈ പ്രതിജ്ഞ നാം പൂർത്തിയാക്കുകയാണെങ്കിൽ നാം ബയ്അത്ത്പ്രതിജ്ഞ നിറവേറ്റുന്നവരായിത്തീരുന്നതാണ്.

അതുകൊണ്ട് വരൂ! നമുക്ക് ഇക്കാര്യങ്ങളെ പ്രാപിക്കുന്നതിനായുള്ള ഒരു പ്രവർത്തനരൂപരേഖയുണ്ടാക്കാം. പരലോകത്തെക്കുറിച്ച് ചിന്തിക്കുകയും അല്ലാഹുവിനെ ഭയക്കുകയും ചെയ്യുന്നവർ ഏറ്റവുമാദ്യം തങ്ങളുടെ ആരാധനകളെ സംരക്ഷിക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നതാണ്; അതായത് അല്ലാഹു തങ്ങളുടെ ജീവിതോദ്ദേശ്യമായി പറഞ്ഞതെന്താണെന്ന്. അല്ലാഹു പറയുന്നു, *വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ*(51:57)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ആയത്തിന് ഇപ്രകാരം അർഥം നൽകിയിരിക്കുന്നു: ഞാൻ ജിന്നിനെയും മനുഷ്യരേയും എന്നെതിരിച്ചറിഞ്ഞാരാധിക്കുവാനായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. ആയതിനാൽ ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യജീവിതത്തിന്റെ ലക്ഷ്യം അല്ലാഹുവിനെ തിരിച്ചറിഞ്ഞാരാധിക്കുകയും അല്ലാഹുവിന്റേതായിത്തീരുകയും ചെയ്യുക എന്നുള്ളതാണ്. പറഞ്ഞു: തന്റെ ജീവിതം സ്വന്തമായ നിലയിൽ നിശ്ചയിക്കാനുള്ള സ്ഥാനം മനുഷ്യനില്ലെന്നുള്ളത് പ്രകടമാണ്. എങ്കിലും മനുഷ്യൻ നിശ്ചയിക്കുന്നു. പക്ഷേ, അവന് അധികാരമില്ല. കാരണം മനുഷ്യൻ അവന്റെ സ്വന്തം ഇഷ്ടപ്രകാരമല്ല ഈ ലോകത്ത് വരുന്നത്, സ്വന്തം ഇഷ്ടപ്രകാരം ഇവിടെനിന്ന് മടങ്ങിപ്പോകുകയുമില്ല. അവനൊരു സൃഷ്ടിയാണ്. ആരാണോ അവനെ സൃഷ്ടിക്കുകയും മറ്റെല്ലാ മൃഗങ്ങളെക്കാളുമുപരി ഉന്നതമായ സ്വഭാവ ഗുണങ്ങൾ അവന് നല്കുകയും ചെയ്തത് അവൻ അവന്റെ ജീവിതത്തിന് ഒരു ഉദ്ദേശ്യവും വെച്ചിരിക്കുന്നു. അത് മനുഷ്യരിലാരെങ്കിലും


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

'ഖലീഫ ജമാഅത്തിന്റെ പരിഷ്ക്കരണത്തിന് എന്തെങ്കിലും പറഞ്ഞാൽ അതേറ്റെടുക്കുകയും ജമാഅത്തംഗങ്ങളുടെ മുമ്പിൽ അത് ആവർത്തിക്കുകയും ചെയ്യുക. മന്ദബുദ്ധിയിൽ മന്ദബുദ്ധിയായവനുപോലും അതു മനസ്സിലാകാനും ദീനിൽ ശരിയായ നിലയിൽ നടക്കാനുള്ള വഴിപ്രാപിക്കാനും അതാവർത്തിക്കുക. ആവർത്തിക്കുക, ആവർത്തിക്കുക!'
(ഖുത്ബാത്തെ മഹ്മൂദ് വാല്യം 18 പേജ് 214 – 215)
(ഖുത്ബ ജുമുഅ 29 – 5 – 2015)

താലിബെ ദുആ:
Ahmadiyya Muslim Jama'at Palluruthy, Ernakulam dist:

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

നമ്മുടെ ആരാധനകളുടെ പുരോഗതിതന്നെ നമുക്ക് വിജയങ്ങൾ പ്രദാനം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജമാഅത്ത് മുഴുവൻ ഇതു സംബന്ധമായി വളരെ തീവ്രമായ ശ്രദ്ധ ചെലുത്തേണ്ട ആവശ്യമുണ്ട്. (ജുമുഅ ഖുത്ബ 27 – 1 – 2017)

താലിബെ ദുആ:
Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala

മനസ്സിലാക്കിയാലും വേണ്ടില്ല. മനസ്സിലാക്കിയി ട്ടില്ലെങ്കിലും വേണ്ടില്ല. ഹദ്റത്ത് മസീഹ് മൗ ഊദ്(അ) പറയുന്നു: മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേ ശ്യം അല്ലാഹുവിനെ ആരാധിക്കലും അല്ലാഹു വിനെ തിരിച്ചറിയിലും അല്ലാഹുവിൽ പൂർണ മായും വിലയം പ്രാപിക്കലുമാണ്.(ഇസ്‌ലാമീ ഉസൂൽ കി ഫലാസഫി, റൂഹാനീ ഖസാഇൻ വാല്യം 10 പേജ് 414)

ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് നമ്മെ പഠിപ്പിച്ചു തന്നിട്ടുള്ള ആരാധനാരീതി ഏതാണ്? അത് നമസ്കാരം നിലനിറുത്തലാണ്. അല്ലാഹു പറയുന്നു; *ഇന്നസ്സലാത്ത കാനത്ത് അലൽമു അ്മിനീന കിതാബൻ മൗഖൂത്താ*(4:104)

അതായത് നമസ്കാരം വിശ്വാസികൾക്ക് സ മയനിർണയം ചെയ്യപ്പെട്ട ഒരു നിർബന്ധകൃത്യ മാകുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറ യുന്നു: 'ഞാൻ സമയനിർണയമായ നമസ്കാര ത്തെ വളരെയേറെ സ്നേഹിക്കുന്നു.'(മൽഫൂ ദാത്ത് വാല്യം 3, പേജ് 63)

ഇക്കാര്യം എനിക്ക് വളരെ ഏറെ പ്രിയപ്പെ ട്ടതും പ്രിയങ്കരവുമാണ്. അതായത് നിശ്ചിതസ മയത്ത് നമസ്കരിക്കുക എന്നത് നിർബന്ധമാ ണ്. പക്ഷേ, ഇക്കാലഘട്ടത്തിൽ നമ്മൾ കാണു ന്നത് നിസാര കാര്യങ്ങൾ പറഞ്ഞ് നമസ്കാരം കൃത്യസമയത്ത് നമസ്കരിക്കുന്നതിൽ അശ്രദ്ധ കാണിക്കുന്നതാണ്. സമയത്ത് നമസ്കരിക്കു ന്നില്ലെന്ന് മാത്രമല്ല ചിലർ നമസ്കരിക്കുന്ന തേയില്ല. അഞ്ചിനുപകരം മൂന്നു നാല് നമ സ്കരിച്ചെങ്കിലായി. അലസത കാണിക്കുന്നു. വാസ്തവത്തിൽ നമസ്കാരത്തെ കാത്തുസൂ ക്ഷിക്കണമെന്ന് അല്ലാഹു മുഅ്മിനീങ്ങളോടു പറഞ്ഞിട്ടുള്ളതാണ്. അല്ലാഹു പറയുന്നു: *ഹാ ഫിളൂ അലസ്സലവാത്തി വസ്സലാത്തിൽ വു സ്താ*(2:236) (എല്ലാ) നമസ്കാരങ്ങളും (വിശി ഷ്യാ) മധ്യനമസ്കാരവും നിങ്ങൾ സസൂക്ഷ്മം നിലനിറുത്തുക. പക്ഷേ, ജോലിതിരക്കുകളും മറ്റും കാരണത്താൽ നമ്മളിൽ ചിലർ ളുഹ്ർ -അസ്ർ നമസ്കാരങ്ങൾ നഷ്ടപ്പെടുത്തിക്കള യുന്നു. ടി.വി.പരിപാടികൾ കാരണത്താൽ അ ല്ലെങ്കിൽ വ്യക്തിപരമായ പരിപാടി കാരണ ത്താൽ മഗ്‌രിബ്-ഇശാ നമസ്കാരം നഷ്ടപ്പെ ട്ടുപോകുന്നു. ഉറക്കം എന്ന ഒഴികഴിവ് പറഞ്ഞ് സുബ്ഹി നമസ്കാരം നഷ്ടപ്പെടുത്തിക്കളയു ന്നു. അതുകൊണ്ട് അല്ലാഹുവിന്റെ ഈ കല് പന നാം പ്രാവർത്തികമാക്കുന്നുണ്ടോ? എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്. ജമാഅ ത്തിന്റെ പ്രത്യേക പരിപാടികളിലും റമളാൻ മാസത്തിലും ജമാഅത്തായി നമസ്കരിച്ചുകൊ ണ്ട് നമ്മൾ അല്ലാഹുവിന്റെ കല്പന പാലി ച്ചുവെന്ന് മനസ്സിലാക്കുന്നു; ബാക്കിയുള്ള വർ ഷം മുഴുവൻ കൃത്യമായി കർമം ചെയ്താലും ഇല്ലെങ്കിലും ഒന്നുംവരാനില്ലെന്ന് കരുതുന്നു. എന്നാൽ, കേൾക്കുക! നമസ്കാരത്തിന്റെ പ്രാ ധാന്യത്തെ കുറിച്ച് അല്ലാഹുവും അവന്റെ റസൂലും എന്താണ് പറയുന്നുത്. അല്ലാഹു പ റയുന്നു: *ഇന്നമാ യഅ്മുറു മസാജിദല്ലാഹി മൻ ആമന ബില്ലാഹി വൽയൗമിൽ ആഖിരി* അല്ലാ ഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവ രാണ് അല്ലാഹുവിന്റെ മസ്ജിദുകൾ ജനസാന്ദ്ര മാക്കുന്നത്(9:18)

നബി(സ)തിരുമേനി പറയുന്നു: 'നമസ്കാര ത്തിന് മസ്ജിദിൽ വരികയും പോകുകയും ചെയ്യുന്ന ആരെയെങ്കിലും നിങ്ങൾ കണ്ടാൽ അയാൾ മുഅ്മിനാണെന്ന് നിങ്ങൾ സാക്ഷി പറ യുക. കാരണം അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവരാണ് അല്ലാഹുവിന്റെ മസ്ജി ദുകൾ ജനസാന്ദ്രമാക്കുന്നതെന്ന് അല്ലാഹു പ റയുന്നു.(സുനൻ ഇബ്നുമാജ, കിതാബുൽമസാ ജിദ് വൽ ജമാഅ ഹദീഥ് 802)

നാമെല്ലാവരും വിശ്വാസികളാണെന്നു പറയു ന്നുവെങ്കിലും അല്ലാഹുവിന്റെയും റസൂലിന്റെ യും ദൃഷ്ടിയിൽ അല്ലാഹുവിന്റെ ഭവനത്തെ ജനസാന്ദ്രമാക്കിത്തീർക്കുന്നവരാണ് വിശ്വാസി കൾ. ഇവിടെ ഒരു കാര്യം സ്പഷ്ടമാണ്, അ തായത് മസ്ജിദിൽ വന്നാൽ മാത്രം പോരാ അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള വിശ്വാ സത്തോടുകൂടെ വരേണ്ട ആവശ്യമുണ്ട്. ഇത്ത രം ചിന്താഗതിയുള്ളവർക്ക് ദൈവഭയവും ഉണ്ടാ യിരിക്കും അവർ മസ്ജിദിൽ വന്ന് കുഴപ്പങ്ങളു ണ്ടാക്കുകയുമില്ല. അതുപോലെ നമസ്കാരം നാശകരമായിത്തീരുന്നവരുടെ കൂട്ടത്തിൽ പെ ടുകയുമില്ല. അല്ലാഹുവിന്റെ തൃപ്തി കരസ്ഥ മാക്കുന്നതിനുപകരം അത്തരക്കാർ അല്ലാഹു വിന്റെ വെറുപ്പാണ് വിലക്കുവാങ്ങുന്നത്. മറിച്ച് അവർ യഥാർഥ തഖ്‌വ കൈക്കൊള്ളുന്നവരായി രിക്കും. പരലോകത്തെ കുറിച്ച് ചിന്തയുള്ളവരാ യിരിക്കും. അല്ലാഹുവിനോടുള്ള ഭയം മനസ്സിൽ കൊണ്ടുനടക്കുന്നവരായിരിക്കും. അവരുടെ ഹൃ ദയം മൃദുലമായിരിക്കും. അവരിൽ സ്നേഹവും സാഹോദര്യവും ഉണ്ടായിരിക്കും. അവരിൽ വിന യമുണ്ടായിരിക്കും. അവർ സത്യസന്ധതയിൽ നിലകൊള്ളുന്നവരായിരിക്കും. അവർ ഇസ്‌ലാ മിന്റെ സമാധാനനിർഭരമായ അധ്യാപനം പ്ര ബോധിക്കുന്നവരായിരിക്കും. അവരുടെ മസ്ജി ദുകൾ ഭയം ജനിപ്പിക്കുന്നതായിരിക്കുകയില്ല. കുഴപ്പത്തിന്റെ സ്ഥലവും ആയിരിക്കുകയില്ല. അതുകൊണ്ടാണ് അല്ലാഹു പറഞ്ഞത്:തഖ്‌വ അടിത്തറയാക്കി പണിതിട്ടുള്ള മസ്ജിദിൽ നമ സ്കരിക്കാൻ നില്ക്കുക. കുഴപ്പമുണ്ടാക്കാനും കലഹമുണ്ടാക്കാനും വേണ്ടി നിർമിച്ചിട്ടുള്ള മസ്ജിദിൽ നമസ്കരിക്കാൻ പോകരുത്. അതു കൊണ്ട് തഖ്‌വയിൽ നിലനിന്നുകൊണ്ട് മസ്ജി ദുകളെ ജനനിബിഡമാക്കുന്നവർക്ക്- അവർ അ ല്ലാഹുവിനോടുള്ള കടമകളും നിറവേറ്റുന്നവരാ യിരിക്കും അല്ലാഹുവിന്റെ ദാസരോടുള്ള കടമ കളും നിറവേറ്റുന്നവരായിരിക്കും-സുവാർത്തയ റിയിച്ചുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: ഖിയാമത്തു നാളിൽ അല്ലാഹു മലക്കുകളോടു പറയുന്നതാണ് എന്റെ ദാസരുടെ നമസ്കാരം നോക്കുക. ആദ്യമായി ദാസൻ നമസ്കരിച്ചി രുന്നോ എന്ന് നോക്കുക. ആരുടെ നമസ്കാ രമാണോ തികവാർന്നതായിട്ടുള്ളത് അവരുടെ കർമപുസ്തകത്തിൽ പരിപൂർണമായ നമസ്കാ രം രേഖപ്പെടുത്തുന്നതായിരിക്കും. അങ്ങനെ എല്ലാ കണക്കുകളും ശരിയായി. പിന്നീട് പറയു ന്നതാണ്, ആരുടെയെങ്കിലും ഫർള് നമസ്കാ രത്തിൽ വല്ല കുറവും സംഭവിച്ചിട്ടുണ്ടെങ്കിൽ അവരുടെ നഫ്ൽ നമസ്കാരങ്ങൾ നോക്കുക. അവരുടെ ഫർളുകളിൽ വരുന്ന കുറവുകൾ നഫ്‌ലുകൾക്കൊണ്ട് പരിഹരിക്കുക.' (സുനൻ അബൂദാവൂദ് കിതാബുസ്സലാത്ത് ഹദീഥ് 864)

അല്ലാഹു ഇവിടെ 'എന്റെ ദാസർ' എന്നാണ് പറഞ്ഞിരിക്കുന്നത്. കാരണം ഇക്കൂട്ടർ തങ്ങളു ടേതായ നിലയിൽ പരിശ്രമിച്ച് അല്ലാഹുവുമായി ബന്ധുത്വം സ്ഥാപിക്കുന്നവരാണ്. അവനോടു ള്ള ആരാധനയുടെ കർമങ്ങൾ നിറവേറ്റാൻ പ രിശ്രമിക്കുന്നവരാണ്. പക്ഷേ, എങ്കിലും മാനു ഷികമായ തേട്ടമനുസരിച്ചുള്ള ബലഹീനതയു ണ്ട്. മറവിയും കുറ്റവുമുണ്ടാകുന്നു. അവന് മാപ്പു ചെയ്യുന്നതിനും തന്റെ ദാസന്റെ നന്മ യുടെ തട്ട് കൂടുതൽ ഘനമുള്ളതാക്കുന്നതിനും കരുണയോടും പൊറുക്കലോടുംകൂടി പെരു മാറി അല്ലാഹു ഐച്ഛികകർമങ്ങളേയും(നഫ്ൽ) നിർബന്ധകാര്യങ്ങളിലിട്ട് കുറവുകൾ പരിഹ രിച്ചുകൊടുക്കുന്ന അവസ്ഥകളും ഉണ്ടാകാറു ണ്ട്. ഇവിടെ നിങ്ങൾ നോക്കുക! നഫ്‌ലുകൾ നമസ്കരിക്കുന്നവരും അല്ലാഹുവിനോടുള്ള നി ഷ്കളങ്കമായ ഭയം ഉള്ളിൽ കാത്തുസൂക്ഷിക്കു ന്നവരായിരിക്കും. വെളിയിൽവന്ന് അനുഷ്ഠി ക്കുന്ന ഒരു കർമമല്ല നഫ്ൽ. അത് രഹസ്യമായി അനുഷ്ഠിക്കപ്പെടുന്നതാണ്. എല്ലാവരിൽനിന്ന് വിട്ട് തനിച്ച് അനുഷ്ഠിക്കപ്പെടുന്ന കർമമാണ്. അപ്പോൾ ഈ നന്മ ചെയ്യുന്നവർ അല്ലാഹുവിനെ ഭയപ്പെടുന്നവരായിരിക്കും. ഇത്തരക്കാരെയാണ് അല്ലാഹു 'എന്റെ ദാസർ'എന്നു പറഞ്ഞത്. ആ ദാസരിൽനിന്ന് കുറ്റങ്ങളുണ്ടാകും. പക്ഷേ, ആ കുറ്റങ്ങൾ സ്ഥിരമായി നില്ക്കുകയില്ല. ആ തെ റ്റുകൾ അകറ്റാൻ ശ്രമം ഉണ്ടായിക്കൊണ്ടിരി ക്കും. ഇതാണ് അല്ലാഹുവിന്റെ കരുണയോടെ യുള്ള പെരുമാറ്റം. ഒരു ഭാഗത്ത് നമസ്കാരം നി സാരകാര്യമല്ലെന്ന് പറഞ്ഞു. അതിനെ കുറിച്ചാ യിരിക്കും ആദ്യം ചോദിക്കപ്പെടുന്നത്. അതു കൊണ്ട് അത് അനുഷ്ഠിക്കാൻ ശ്രദ്ധിക്കുക. പ ക്ഷേ, അതിനോടൊപ്പം പറഞ്ഞു: തഖ്‌വയിൽ പദമൂന്നിക്കൊണ്ട് എന്റെ ബന്ധുത്വത്തിന്റേയും ആരാധനയുടേയും കടമ നിറവേറ്റാൻ ശ്രമിക്കു കയാണെങ്കിൽ നിങ്ങൾ അനുഷ്ഠിക്കുന്ന നഫ് ലുകളുടെ പുണ്യവും നിർബന്ധ കാര്യങ്ങൾ ചെയ്യുന്നതിന് സമാനമായിരിക്കും. ഞാൻ പൊ റുക്കലിന്റെ പുതപ്പിൽ നിങ്ങളെ എടുക്കുന്നതാ യിരിക്കും.

ഈ സുവാർത്ത നൽകിയതോടൊപ്പം, പൊ റുത്തുകൊടുക്കലിന്റെ പ്രതീക്ഷ കൊടുത്തതി നോടൊപ്പം അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ആകർഷിച്ചെടുക്കുന്നതിന് നഫ്‌ലുകൾ അനുഷ് ഠിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചിരിക്കുക യാണ്. അതുകൊണ്ട് മുഅ്മിൻ എന്നു പറയുന്ന ത് അല്ലാഹുവിനോടുള്ള ഭയം മനസ്സിൽവച്ചു കൊണ്ട് അവന്റെ അനുഗ്രഹങ്ങളെ ആകർഷി ച്ചെടുക്കുവാൻ നിർബന്ധമാക്കപ്പെട്ട(ഫർളായ) കാര്യങ്ങളിലേക്ക് സ്വന്തം ശ്രദ്ധിക്കുന്നതോടൊ പ്പം നഫ്ൽ(ഐച്ഛികമായ) കർമങ്ങളനുഷ്ഠിക്കു ന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്; ചെയ്യേണ്ട തായ നിർബന്ധകാര്യങ്ങളിൽ വന്നിട്ടുള്ള കുറ വുകൾ പരിഹരിച്ചുകൊണ്ടിരിക്കാൻ. ഇക്കൂട്ടർ തന്നെയാണ് യഥാർഥത്തിൽ ദൈവഭയമുള്ള വരും തഖ്‌വയിലൂടെ ചലിക്കുന്നവരും. ഈ തഖ്‌വ കാരണത്താൽ മറ്റു നന്മകളും ചെയ്യുന്ന തിലേക്ക് അവർക്ക് ശ്രദ്ധയുണ്ടാകുന്നു. അവ രുടെ മനസ്സ് പരസ്പരം മൃദുലമായിരിക്കും. പ രസ്പരം പകരം വീട്ടാതെ പരസ്പരം മാപ്പു കൊടുക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നു. അല്ലാഹു വിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന് പരസ്പ രം സ്നേഹത്തോടും പ്രീതിയോടുംകൂടി പെ രുമാറുന്നു. അവരുടെ മനസ്സുകളിൽ വിനയമു ണ്ടാകുന്നു. പരസ്പരം ത്യാഗം ചെയ്യുന്നതിന്റെ ആത്മാവ് അവരിൽ ഉണ്ടാകുന്നു. ഇതിന്റെ അടി സ്ഥാനത്തിൽ തങ്ങളിലിതുണ്ടോ എന്ന് എല്ലാ വരും ആത്മപരിശോധന നടത്തേണ്ട ആവശ്യ മുണ്ട്. യഥാർഥ ഭക്തൻ സകലതരം നന്മകളും സ്വായത്ത മാക്കാൻ ശ്രമിക്കുന്നതായിരിക്കും.

ആരിലെങ്കിലും തന്റെ സഹോദരനുവേണ്ടി സ്നേഹവികാരമില്ലെങ്കിൽ അയാളിൽ ശരിയാ യ തഖ്‌വ ഇല്ല. ഹൃദയത്തിൽ മൃദുലത ഇല്ലാ ത്തവനും തന്നെ കുറിച്ച് ചിന്തിക്കേണ്ടതാണ്. ആരെക്കൊണ്ടാണോ വീട്ടിൽ ഭാര്യയും മക്ക ളും പൊറുതിമുട്ടിയിരിക്കുന്നത് അവനിലും ത ഖ്‌വയില്ല. തന്റെ ഭർത്താവിനോടും മക്കളോടു മുള്ള കടമകൾ നിറവേറ്റാതിരിക്കുകയും അ നാവശ്യമായി ആവശ്യങ്ങൾ ഉന്നയിക്കുകയും ചെയ്യുന്ന ഭാര്യമാരുടെ ഹൃദയവും ഭക്തിശൂ ന്യമാണ്. അല്ലാഹുവിനുവേണ്ടി പരസ്പരമുള്ള ബന്ധത്തിൽ സ്നേഹത്തോടും സൗമ്യത യോ ടുംകൂടി പെരുമാറുന്നവരാണ് യഥാർഥ ഭയഭക്തി

യിൽ നിലകൊള്ളുന്നവർ. നബി(സ)തിരുമേനി പറഞ്ഞു:“ഖിയാമത്തുന്നാളിൽ അല്ലാഹു പറയുന്നതാണ്, എന്റെ പ്രതാപത്തിനും മഹത്ത്വത്തിനും വേണ്ടി പരസ്പരം സ്നേഹിച്ചിരുന്നവരെവിടെ? ഇന്ന് അവർക്കെന്റെ തണലല്ലാതെ മറ്റൊരു തണലുമില്ല. എന്റെ കാരുണ്യത്തിന്റെ തണലിൽ ഞാനവർക്കിടം നൽകുന്നതാണ്.”(സ്വഹീഹ് മുസ്‌ലിം, കിതാബുൽബിർറ്, ഹദീഥ് 2566)

അല്ലാഹുവിനുവേണ്ടി അവന്റെ കല്പനകളനുസരിച്ച് കർമങ്ങൾ ചെയ്തുകൊണ്ട് പരസ്പരം സ്നേഹിക്കാനുള്ള വികാരം ഉൾക്കൊള്ളുന്നവരാണ് അല്ലാഹുവിന്റെ സ്നേഹം ആകർഷിച്ചെടുക്കുന്നവർ. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഇത് ചെയ്യാത്തവർ അല്ലാഹുവിന്റെ വെറുപ്പിന് പാത്രമാകുന്നവരാകാം. അതിനാൽ ഈ ആത്മാവ് നമ്മളിൽ എല്ലാ ഓരോരുത്തരും തങ്ങളുടെ ഉള്ളിൽ ഉണ്ടാക്കേണ്ട ആവശ്യമുണ്ട്. ‘എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്’ എന്ന മുദ്രാവാക്യം നമ്മൾ മുഴക്കുമ്പോൾ ജനങ്ങൾക്ക് ശരിക്കും ആ സന്ദേശം എത്തിക്കുന്നതിന് അത് തങ്ങളുടെ വീടുകളിലും സമൂഹത്തിലും പ്രകടമാക്കേണ്ടതാവശ്യമാണ്. ഇത് എങ്ങനെയുള്ള ജോലിയാണെന്നാൽ ഇതിൽ അല്പമാത്ര ശ്രമംകൊണ്ട് വലിയ കഠിനാധ്വാനമൊന്നും കൂടാതെതന്നെ നമുക്ക് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ തണലിൽ ഇടം നേടുന്നവരാകാനും കഴിയും. നബി(സ)തിരുമേനി വിവിധ അവസരങ്ങളിൽ സമൂഹത്തിലെ സമാധാനവും ശാന്തിയും നിലനിറുത്തുന്നതിന് സ്നേഹവും പ്രീതിയും സാഹോദര്യവും വളർത്തുന്നതിനും ഉപദേശങ്ങൾ നല്കിയിട്ടുണ്ട്. ഇതുസംബന്ധമായി നബി(സ)തിരുമേനി ഒരവസരത്തിൽ പറഞ്ഞു: മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാകുന്നു. അവൻ തന്റെ സഹോദരനെ ഉപദ്രവിക്കുകയോ തനിച്ചാക്കി ഉപേക്ഷിക്കുകയോ ചെയ്യുകയില്ല. തന്റെ സഹോദരന്റെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നവരുടെ ആവശ്യങ്ങൾ അല്ലാഹു നിറവേറ്റിക്കൊടുക്കുന്നതാണ്. ആരാണോ ഒരു മുസ്‌ലിമിന്റെ പ്രയാസങ്ങളകറ്റുന്നത് ഖിയാമത്തുനാളിൽ അല്ലാഹു അയാളുടെ ഒരു വിഷമത്തെ ലഘുകരിക്കുന്നതാണ്. ആരാണോ മറ്റൊരാളുടെ ന്യൂനതകൾ മറച്ചുവയ്ക്കുന്നത് ഖിയാമത്തു നാളിൽ അല്ലാഹു അയാളുടെ ന്യൂനതകൾ മറച്ചുവയ്ക്കുന്നതാണ്. (സ്വഹീഹുൽബുഖാരി, കിതാബുൽ മളാലിം ഹദീഥ് 2442)

അല്ലാഹു വിവിധ മാർഗങ്ങളിലൂടെ നമ്മളിൽ തന്റെ കാരുണ്യത്തിന്റേയും വാത്സല്യത്തിന്റേയും ദൃഷ്ടിയിടുന്നുണ്ട്. നമ്മുടെ പൊറുക്കലിനുള്ള സാഹചര്യം ഒരുക്കുന്നുണ്ട്. മനുഷ്യൻതന്നെയാണ് തന്റെ അയോഗ്യതകളും ഈഗോകളും പിടിവാശിയുംകൊണ്ട് അല്ലാഹുവിനെ വെറുപ്പിക്കുന്നവൻ.

അതുകൊണ്ട് വളരെ ഭയപ്പെടേണ്ട സ്ഥാനമാണിത്. വളരെ ചിന്തിക്കേണ്ട ആവശ്യമുണ്ട്. ഈ ദിനങ്ങളിൽ നമ്മുടെ വികാരങ്ങളും ചിന്താഗതികളും നന്മയിലേക്ക് ചാഞ്ഞിരിക്കുന്ന ഈ അവസരത്തിൽ പ്രത്യേകിച്ചും. നമ്മൾ ജൽസയിൽ പങ്കെടുക്കണമെന്ന ചിന്തയോടുകൂടിയാണ് ഇവിടെ വന്നിട്ടുള്ളത്. ഇവിടെ നമ്മൾ സൽക്കാര്യങ്ങൾ കേൾക്കുന്നതായിരിക്കും. ആത്മപരിശോധന നടത്തുക. ആത്മപരിശോധന നടത്തിക്കൊണ്ട് നമ്മുടെ ആരാധനാകർമങ്ങളോടൊപ്പം മനുഷ്യരോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കും ശ്രദ്ധ പിതിപ്പിക്കുക. ഹൃദയമൃദുലതയും പരസ്പരമുള്ള സ്നേഹവും വിനയത്തിന്റെ യാഥാർഥ്യവും തിരിച്ചറിയാൻ പരിശ്രമിക്കുക. ഇത് എന്തുകൊണ്ടാണ് നിർബന്ധമാകുന്നതെന്നാൽ, നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ചെയ്ത ബയ്അത്ത് പ്രതിജ്ഞയിൽ ശിർക്കിൽനിന്ന് ദൂരപ്പെട്ടിരിക്കുമെന്നും ഫർള് നമസ്കാരങ്ങളും നഫ്ൽ നമസ്കാരങ്ങളും നിർവഹിക്കുമെന്നും പറഞ്ഞതിനോടൊപ്പം ശാരീരിക ദുരാവേശങ്ങൾക്ക് അടിപ്പെട്ട് ആർക്കും തന്നെ–ലോകത്തിന് പൊതുവേയുംമുസ്‌ലിംസമുദായത്തിന് പ്രത്യേകിച്ചും നാവുകൊണ്ടോ കൈകൊണ്ടോ മറ്റുപ്രകാരത്തിലോ അന്യായമായ ഒരു ക്ലേശവും ഉണ്ടാക്കുന്നതല്ലെന്നും പറഞ്ഞിരിക്കുന്നു. കേവലം പരസ്പരമുള്ള മുസ്‌ലിമീങ്ങളോടു മാത്രമല്ല. ജമാഅത്തിലെ അംഗങ്ങളോടു മാത്രമല്ല. ശരി തന്നെ, തങ്ങളുടെ വീട്ടിൽനിന്ന് തുടങ്ങിക്കൊള്ളുക. പരസ്പരവും ഉണ്ടാകേണ്ടതാണ്. പിന്നീട് മുസ്‌ലിമീങ്ങൾക്കുവേണ്ടിയും പിന്നീട് പൊതുസൃഷ്ടികൾക്കുവേണ്ടിയും. എല്ലാവരോടും നമ്മുടെ മനസ്സിൽ പ്രീതിയുടേയും സ്നേഹത്തിന്റേയും വികാരങ്ങളുണ്ടാകേണ്ടതാണ്. ശാരീരികാവേശങ്ങളിൽനിന്ന് നമ്മൾ കാലിയാകണം. നമ്മുടെ കീഴിലുള്ളവരോടും നല്ല രീതിയിൽ പെരുമാറേണ്ടതാണ്. നമ്മുടെ പെരുമാറ്റം എങ്ങനെയുള്ളതാകണമെന്നാൽ നമ്മുടെ ഈ രീതികളേയും നന്മകളേയും ആരെങ്കിലും ഉരച്ചുനോക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ഉരച്ചു നോക്കിക്കൊള്ളട്ടെ. നമ്മൾ പറയുന്ന ഈ നിലവാരം അതുനുസരിച്ചാണോ? നമ്മൾ അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നുണ്ടോ? ഈ നിലവാരമുണ്ടെങ്കിൽ മറ്റുള്ളവർ നമ്മെ എപ്പോൾ ഉരച്ചുനോക്കിയാലും ഇതനുസരിച്ച് ഉരയ്ക്കുകയാണെങ്കിൽ നമ്മൾ യഥാർഥ വിശ്വാസികളും ബയ്അത്തിന്റെ കടമകൾ നിറവേറ്റുന്നവരുമായിരിക്കും. ബയ്അത്തിന്റെ നിബന്ധനകളിൽ മറ്റൊരു നിബന്ധന, അഹങ്കാരം പൂർണ്ണമായും ഉപേക്ഷിച്ചുകൊണ്ട് എളിമയോടുകൂടിയതും സുദരിദ്രവുമായ ജീവിതം നയിക്കുമെന്നതാണ്. (ഇസാലയെ ഔഹാം റൂഹാനീ ഖസാഇൻ വാല്യം 3 പേജ് 564)

ഈ എളിമയും സുദരിദ്രവുമായ ജീവിതം ഉണ്ടാകുക എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) വെറും ജൽസയുടെ ഒരു ഉദ്ദേശ്യമായി പറഞ്ഞ കാര്യമല്ല. മറിച്ച് നാം ചെയ്ത ബയ്അത്തിന്റെ പ്രതിജ്ഞയിലുള്ള ഒരു പ്രതിജ്ഞയാണ്, ഞാൻ എളിമയോടുകൂടിയതും സുദരിദ്രവുമായ ജീവിതം നയിക്കുന്നതാണെന്നത്. അതിനാൽ ബയ്അത്തിന്റെ പ്രതിജ്ഞകളെ പൂർത്തിയാക്കുക എന്നത് നമ്മുടെ ബാധ്യതയാണ്. ബയ്അത്തിന്റെ നിബന്ധനകളെ പൂർത്തിയാക്കുക എന്നതുതന്നെയാണ് സത്യത്തിലേക്കുള്ള നമ്മുടെ ആദ്യത്തെ ചുവടുവയ്പും. അതുകൊണ്ട് ബയ്അത്തിന്റെ നിബന്ധനകളും വായിച്ചുകൊണ്ടിരിക്കേണ്ടതാണ്. നമ്മൾ സത്യസന്ധതയോടുകൂടി അതിൽ നിലനില്ക്കുന്നുണ്ടോ എന്ന് നോക്കിക്കൊണ്ടിരിക്കുക. അതനുസരിച്ച് ജീവിക്കാൻ പരിശ്രമിക്കുന്നുണ്ടോ? അങ്ങനെയല്ലെങ്കിൽ ലോകത്തെ പരിഷ്കരിക്കുമെന്ന നമ്മുടെ വാദം തെറ്റാണ്. അതിനുമുമ്പേ നമ്മൾ നമ്മുടെ പരിഷ്കരണത്തിനുവേണ്ടി പരിശ്രമിക്കേണ്ടതാണ്. ഇല്ലെങ്കിൽ വാക്കുംപ്രവൃത്തിയും സമമല്ലാത്തവരുടെ കൂട്ടത്തിലായിരിക്കും നമ്മളുണ്ടാകുക. അല്ലാഹു അത്തരക്കാരെ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ കർമം നമ്മുടെ സത്യസന്ധതയ്ക്കു പകരം നമ്മുടെ കളവിന് സാക്ഷ്യം പറയുന്നതായിരിക്കും. ഇങ്ങനെ വാക്കും പ്രവൃത്തിയും വിരുദ്ധമാകുമ്പോൾ പിന്നീട് ദീനി സേവനം ചെയ്യുന്നുവെന്നുള്ള വാദവും, അതിനുവേണ്ടി ഉത്സാഹം പ്രകടിപ്പിക്കുന്നതും തെറ്റായിരിക്കും.

നിസംശയം ഹദ്റത്ത് മസീഹ് മൗഊദ്(അ) സത്യവാനാണ്. അവിടത്തെ വാദവും സത്യമാണ്. നിസംശയം അല്ലാഹു അദ്ദേഹത്തിന് വിജയവാഗ്ദാനങ്ങൾ നല്കിയിട്ടുണ്ട്. നിസംശയം അല്ലാഹു അദ്ദേഹത്തിനോടു ആത്മാർഥരായവരുടെ ജമാഅത്ത് നല്കുമെന്ന് വാഗ്ദാനം നല്കിയിട്ടുണ്ട്. പക്ഷേ, നമ്മുടെ അവസ്ഥകൾ അങ്ങനെ അല്ലെങ്കിൽ അവിടത്തെ ജമാഅത്തിനെ സഹായിക്കുന്നവരിൽ നമ്മൾ ഉൾപ്പെടുകയില്ല. അതുകൊണ്ട് ബയ്അത്തിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിന് നമ്മുടെ അവസ്ഥകൾ പരിശോധിക്കേണ്ട ആവശ്യമുണ്ട്. അവിടന്ന് പറഞ്ഞ ജൽസയുടെ ഉദ്ദേശ്യങ്ങളിൽ ചിന്തിക്കേണ്ട ആവശ്യമുണ്ട്. സൗഭാഗ്യംകൊണ്ട് ജൽസയുടെ ഈ മൂന്നു ദിനം ഇതിനെ കുറിച്ച് ചിന്തിക്കാൻ ലഭ്യമായിരിക്കുകയാണ്. ഈ ദിനങ്ങളിൽ ഓരോരുത്തരും തങ്ങളെ വിലയിരുത്തുക. അവിടത്തേയും ഇവിടത്തേയും കാര്യങ്ങൾ പറഞ്ഞ് സമയം കളയുന്നതിനുപകരം ദുആയിലേക്കും ഇസ്തിഗ്ഫാറിലേക്കും സ്വലാത്തിലേക്കും ശ്രദ്ധിക്കേണ്ടതാണ്. അപ്പോൾ മാത്രമെ നമുക്ക് ഈ ജൽസയുടെ യഥാർഥ നേട്ടം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

‘ജമാഅത്തിലുള്ള എല്ലാവരും എന്റെ ഈ വസ്വിയ്യത്ത് ശ്രദ്ധയോടുകൂടി കേൾക്കുക; എന്റെ ഈ ജമാഅത്തിൽ ചേർന്നുകൊണ്ട് നിങ്ങൾ ഞാനുമായി സ്നേഹത്തിന്റെയും ശിഷ്യത്വത്തിന്റെയും ബന്ധം സ്ഥാപിച്ചിരിക്കുകയാണ്. അതുകൊണ്ടുള്ള ഉദ്ദേശ്യം നിങ്ങൾ സദാചാരത്തിന്റേയും സൗഭാഗ്യത്തിന്റേയും തഖ്‌വയുടേയും ഉന്നത നിലവാരത്തിലെത്തുന്നവർ ആയിത്തീരണമെന്നതാണ്. ഒരു തരത്തിലുള്ള കലഹവും ദുഷ്ടതയും ദുർന്നടപ്പും അവരുടെ സമീപത്തുപോലും വരരുത്. ഇതാണ് തഖ്‌വയുടെ നിലവാരം. ഒരു തരത്തിലുള്ള തിന്മയും അവരിൽ ഉണ്ടാകരുത്.അവർ അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരായിരിക്കണം. അവർ കളവു പറയരുത്. അവർ നാവുകൊണ്ട് ആർക്കും മുറിവേല്പിക്കരുത്. ഒരു തരത്തിലുള്ള നീചകൃത്യങ്ങളും ചെയ്യരുത്. ഏതെങ്കിലും തരത്തിലുള്ള നീചകൃത്യങ്ങൾ, അക്രമം,

## ഹദീഥുന്നബ്‌വി (സ):

***ആഇശ(റ)പറയുന്നു:‘നബി(സ)തിരുമേനിക്ക് തുടക്കത്തിൽ ലഭിച്ച ദൈവികസന്ദേശങ്ങളുടെ ആരംഭം ഉറക്കത്തിൽ ദൃശ്യമാകുന്ന നല്ല സ്വപ്നങ്ങളായിരുന്നു. അവിടന്ന് കാണുന്ന എല്ലാ സ്വപ്നങ്ങളും പ്രഭാതോദയംപോലെ സ്പഷ്ടമായി പുലർന്നുകൊണ്ടണ്ടിരുന്നു.’ (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 3)***

**ത്വാലിബെ ദുആ**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: ‘പ്രവർത്തനങ്ങൾക്ക് പ്രതിഫലം നല്കുന്നത് ഉദ്ദേശ്യമനുസരിച്ച് മാത്രമാകുന്നു. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതാണ് ലഭിക്കുക.’ (ബുഖാരി, കിതാബുൽ വഹ്‌യ്, ഹദീഥ് നമ്പർ 1)**

**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

അതിക്രമം, കലഹമുണ്ടാക്കൽ എന്നിവയെക്കുറിച്ചുള്ള ചിന്തപോലും അവർക്ക് ഉണ്ടാകരുത്. ചുരുക്കത്തിൽ, എല്ലാ തരത്തിലുമുള്ള പാപങ്ങളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും ചെയരുതായ്മയിൽ നിന്നും ചൊല്ലരുതായ്മയിൽനിന്നും എല്ലാതരത്തിലുമുള്ള ശാരീരികാവേശങ്ങളിൽ നിന്നും നിരർഥമായ പ്രവൃത്തികളിൽനിന്നും വിട്ടുനിൽക്കുന്നവരാകണം. അല്ലാഹുവിന്റെ പരിശുദ്ധരും ദരിദ്രമനോഭാവമുള്ളവരുമായ ദാസരായിത്തീരണം. വിനയം അവരിലുണ്ടാവണം. വിഷലിപ്തമായ സ്വാധീനം അവരുടെ പ്രകൃതത്തിൽ പോലും ഉണ്ടാകരുത്. സമസ്ത മനുഷ്യരോടുമുള്ള സഹാനുഭൂതി അവരുടെ അടിസ്ഥാന തത്ത്വമായിരിക്കണം. അല്ലാഹുവിനെ ഭയപ്പെടുകയും തങ്ങളുടെ കൈകളെയും ചിന്തകളെയും എല്ലാ തരത്തിലുള്ള അവിശുദ്ധവും കുഴപ്പം സൃഷ്ടിക്കുന്നതുമായ മാർഗങ്ങളിൽ നിന്നും വിശ്വാസവഞ്ചനയിൽ നിന്നും രക്ഷപ്പെടുത്തുകയും അഞ്ചുനേര നമസ്കാരങ്ങൾ അങ്ങേയറ്റം കൃത്യനിഷ്ഠയോടെ നിലനിറുത്തുന്നവരുമാകണം. അക്രമം, അതിർലംഘനം, കുംഭകോണം, കൈക്കൂലി, അവകാശധ്വംസനം, പക്ഷപാതം എന്നിവയിൽ നിന്നെല്ലാം വിട്ടുനിൽക്കണം. ജനങ്ങളുടെ അവകാശങ്ങൾ തട്ടിയെടുക്കുക, പക്ഷപാതം കാണിക്കുക, ആർക്കെങ്കിലും നഷ്ടമുണ്ടാക്കുക തുടങ്ങിയവയിൽനിന്ന് പിന്മാറണം. ദുസ്സഹവാസം അരുത്. നമ്മുടെ യുവാക്കളും ഓർക്കേണ്ടതാണ്. പിതാക്കന്മാരും ഓർമവയ്ക്കേണ്ടതാണ്, നമ്മുടെ കുട്ടികൾ ഏതെങ്കിലും ദുസ്സഹവാസത്തിലിരിക്കുന്നുണ്ടോ എന്ന് നോക്കുക. അവരെ അതിൽനിന്ന് പിന്തിരിപ്പിക്കുന്നില്ലെങ്കിൽ അവരും അതുപോലെയായിത്തീരും. പിന്നീടായിരിക്കും അത് സ്ഥാപിതമാകുന്നത്. ചിലപ്പോൾ അറിയാൻ കഴിയില്ല അവരുടെ കൂട്ടുകെട്ട് എങ്ങനെയുള്ളതാണെന്ന്. അവനോടൊപ്പം നടക്കുകയും ഇരിക്കുകയും ചെയ്യുന്ന വ്യക്തി, അവനോടൊപ്പമാണ് എപ്പോഴുമുണ്ടാകുക, അയാളാണെങ്കിൽ ദൈവകല്പന പാലിക്കുന്ന ആളുമല്ല, അല്ലെങ്കിൽ സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്ന ആളുമല്ല, അക്രമവാസനയും ദ്രോഹപ്രകൃതിയും ദുർന്നടപ്പുകാരനുമാണ്. അത്തരം വ്യക്തിയുമായിട്ടുള്ള അവന്റെ ബന്ധം അവസാനിപ്പിതക്കേണ്ടത് നിങ്ങൾക്കു നിർബന്ധമാണ്. ആ തിന്മയെ നിങ്ങളുടെ ഇടയിൽനിന്ന് അകറ്റേണ്ടതാണ്. അവനുമായിട്ടുള്ള ബന്ധം അവസാനിപ്പിക്കുക. ഒരു അഹ്മദിക്കു വേണ്ടത് നല്ല സൊസൈറ്റിയും നല്ല കമ്പനിയുമായിട്ടുള്ള ബന്ധമായിരിക്കണം.'

അവിടന്ന് പറഞ്ഞു: ഭീകരനിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുക. ഏതെങ്കിലും മതത്തിലോ, സമുദായത്തിലോ,സംഘത്തിലോ പെട്ട ഒരു മനുഷ്യനും നഷ്ടമുണ്ടാക്കാൻ ഉദ്ദേശിക്കുക പോലും ചെയ്യരുത്. ആർക്കും നഷ്ടമുണ്ടാക്കരുത്. ഏതു മതത്തിൽപ്പെട്ട ആളാണെങ്കിലും ഏതു ജനതയിൽപ്പെട്ട ആളാണെങ്കിലും ഏതു സംഘത്തിൽപ്പെട്ട ആളാണെങ്കിലും നിങ്ങളിൽനിന്ന് ആർക്കും ഒരു നഷ്ടവും ഉണ്ടാകരുത്. എല്ലാവരോടും നന്മ ഉപദേശിക്കുന്നവരാകുക. ഉപദേശിക്കുന്നവരാകണമെങ്കിൽ സത്യവാനായ ഉപദേശി ആയിക്കൊണ്ട്. അതായത് നിങ്ങളുടെ വാക്കുകളും പ്രവൃത്തികളും എങ്ങനെയുള്ളതാകണമെന്നാൽ ആ ഉപദേശത്തിന് സ്വാധീനമുണ്ടാകണം. ഒരു തരത്തിലുള്ള പക്ഷപാതവും കാണിക്കരുത്. ഏല്ലാവരുടെയും നന്മ കാംക്ഷിക്കുന്നവരാകണം. ദുഷ്ടന്മാർക്കും തെമ്മാടികൾക്കും കുഴപ്പമുണ്ടാക്കുന്നവർക്കും ദുർന്നടപ്പുകാർക്കും നിങ്ങളുടെ സദസ്സുകളിൽ ഇരിക്കുവാനോ നിങ്ങളുടെ ഭവനങ്ങളിൽ താമസിക്കുവാനോ ഇടംനല്കരുത്; ഏതു സമയത്തും നിങ്ങൾ വഞ്ചിതരായേക്കാം." തുടർന്നരുളുന്നു: 'എന്റെ ജമാഅത്തിലുള്ള എല്ലാവരും എന്റെ ഈ വസിയ്യത്തനുസരിച്ചു പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. നിങ്ങളുടെ മജ്‌ലിസുകളിൽ എന്തെങ്കിലും അശുദ്ധിയോ പരിഹാസമോ ഉണ്ടാകരുത്. നല്ല മനസുള്ളവരും പരിശുദ്ധ പ്രകൃതമുള്ളവരും സൽവിചാരങ്ങളുള്ളവരുമായി ഭൂമിയിൽ നടക്കുക. അന്യായമായി ആരുടെമേലും ആക്രമണം നടത്തരുത്. ശരീരേച്ഛകളെ അടിച്ചമർത്തുക. മതപരമായ സംസാരമാണെങ്കിൽ മൃദുവായും സംസ്കാരത്തോടെയും സംസാരിക്കുക. ആരെങ്കിലും വിവരക്കേടു കാണിക്കുകയാണെങ്കിൽ സലാം പറഞ്ഞ് അത്തരം മജ്‌ലിസുകളിൽനിന്ന് എഴുന്നേറ്റു പോകുക. അല്ലാഹു നിങ്ങളെ മുഴുലോകത്തിനും നന്മയുടെയും സത്യസന്ധതയുടെയും മാതൃകയായ ഒരു ജമാഅത്താക്കാൻ ആഗ്രഹിക്കുന്നു. ആയതിനാൽ നിങ്ങൾ ജാഗരൂകരാവുക. യഥാർഥത്തിൽ സൽഹൃദയരും വിനയരും സത്യസന്ധരുമാകുവിൻ. അഞ്ചുനേര നമസ്കാരവും സൽസ്വഭാവവും കൊണ്ട് നിങ്ങൾ തിരിച്ചറിയപ്പെടുന്നതാണ്. നിങ്ങൾ തിരിച്ചറിയുന്നത് എന്തുകൊണ്ടാണ്. നിങ്ങൾ അഞ്ചുനേരം നമസ്കരിക്കുന്നതിലൂടെത്തന്നെ. നിങ്ങളുടെ സ്വഭാവങ്ങൾ വളരെ ഉന്നതമാണ്. നിങ്ങളിൽ ഇക്കാര്യങ്ങളുണ്ടായാൽ നിങ്ങൾ മനസ്സിലാക്കുക നിങ്ങൾ ബയ്അത്തിനോടുള്ള കടമ നിറവേറ്റി. തിന്മയുടെ വിത്ത് ഹൃദയത്തിലുള്ളവർക്ക് ഈ ഉപദേശങ്ങളനുസരിച്ച് നിലനിൽക്കാൻ സാധിക്കുകയില്ല. ഈ ഉപദേശം ഞാൻ നല്കുകയാണ്. പക്ഷേ, ആരിലാണോ തിന്മയുടെ ബീജമുള്ളത് അവന് ഈ ഉപദേശത്തിൽ നില്ക്കാൻ കഴിയുകയില്ല.'(മജ്മൂഅ ഇശ്തിഹാറാത്ത് വാള്യം 3, പേജ് 46–48, വിജ്ഞാപനം നമ്പർ188)

അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചെയ്ത ബയ്അത്തിന്റെ കടമകൾ പൂർത്തിയാക്കുവാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അദ്ദേഹത്തിന്റെ ചിന്തകൾക്കനുസരിച്ച് പ്രവർത്തിക്കുന്നവരാകട്ടെ. ഈ ജൽസയിൽ നിന്ന് നമുക്ക് കൂടുതൽക്കൂടുതൽ പ്രയോജനമുൾക്കൊണ്ടുകൊണ്ട് നമ്മുടെ മതപരവും ആത്മീയവുമായ അറിവുകളുടെ അവസ്ഥ ഭംഗിയാക്കുന്നവരുമാകട്ടെ. പിന്നീട് ഈ നന്മകൾ എന്നെന്നും തുടർന്നുകൊണ്ടു പോകുവാനും തൗഫീഖ് നൽകട്ടെ.

## നുബുവ്വത്തിന്റെ ഛായാരൂപത്തിന് ഒരു ഉത്തമ ഉദാഹരണം

**(സീറത്തുൽമഹ്ദി വാള്യം ഒന്ന് പേജ് 275,276)**

ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് സൻവരി(റ) വിവരിക്കുന്നു: പ്രാരംഭകാലത്തെ ഒരു സംഭമാണ്. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോടു പറഞ്ഞു, ഒരിക്കൽ ഒരു രാജാവ് അങ്ങേയറ്റം പ്രഗത്ഭനായ ഒരു ശില്പിയോട് 'നീ നിന്റെ പ്രാഗല്ഭ്യം തെളിയിക്കുന്ന ഒരു സൃഷ്ടി തന്നെ കാണിക്കുക എന്നും അത് നിന്റെ കഴിവും സാമർഥ്യവും തെളിയിക്കുന്ന ഏറ്റവും മികച്ച സൃഷ്ടിയായിരിക്കണമെന്നും പറഞ്ഞു. പിന്നീട് ആ രാജാവ് മറ്റൊരു പ്രഗത്ഭനായ ശില്പിയോടു പറഞ്ഞു; നീയും നിന്റെ പ്രാഗല്ഭ്യം തെളിയിക്കുന്നതിനുള്ള ഒരു മാതൃക സമർപ്പിക്കുക. രണ്ടു പേർക്കുമിടയിൽ രാജാവ് ഒരു മറകെട്ടി വേർതിരിച്ചു. ഒന്നാമത്തെ ശില്പി ഒരു ഭിത്തിയുണ്ടാക്കി. അപാരമായ കൊത്തുപണികൾകൊണ്ട് അത് അലങ്കരിച്ചു. മാനുഷ്യ വൈദഗ്ദ്യത്തിന്റെ ഉന്നത ഉദാഹരണമായിരുന്നു അത്. രണ്ടാമത്തെ ശില്പി ഒരു ഭിത്തിയുണ്ടാക്കി എന്നാൽ, അതിൽ ഒരു തരത്തിലുള്ള കൊത്തുപണികളും ചെയ്തില്ല. മറിച്ച് അത് ശുദ്ധമായ കണ്ണാടിപോലെ വെട്ടിത്തിളങ്ങുന്ന തരത്തിൽ മിനുസമുള്ളതാക്കി. അതിനുശേഷം രാജാവ് ആദ്യത്തെ ശില്പിയോട് തന്റെ സൃഷ്ടി സമർപ്പിക്കാൻ കല്പിച്ചു. അങ്ങനെ അയാൾ തന്റെ കൊത്തുപണികളാൽ അലങ്കൃതമായ ഭിത്തി അവതരിപ്പിച്ചു. അതിന്റെ മികവ് കണ്ട് എല്ലാവരും സ്തബ്ധരായി. പിന്നീട് രാജാവ് രണ്ടാമത്തെ ശില്പിയോട് തന്റെ സൃഷ്ടി സമർപ്പിക്കുവാൻ പറഞ്ഞു. അപ്പോൾ അയാൾ പറഞ്ഞു: പ്രഭോ! അവിടന്ന് മധ്യത്തിലുള്ള ഈ മറയൊന്ന് നീക്കാൻ ഉത്തരവ് നല്കിയാലും. രാജാവ് ആ മറ നീക്കാൻ കല്പിച്ചു. അപ്പോളതാ ആദ്യത്തെ ശില്പിയുണ്ടാക്കിയ അതേപോലുള്ള ഒരു ഭിത്തി മറുവശത്തും പ്രത്യക്ഷമായി. മധ്യത്തിലുള്ള മറ നീക്കം ചെയ്തപ്പോൾ ആദ്യത്തെ ചുവരിലെ കൊത്തുപണികൾ ഒരുവിധ വ്യത്യാസവും കൂടാതെ മറുവശത്തെ ചുവരിൽ പ്രതിഫലിച്ചതായിരുന്നു അത്.

ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് സൻവരി(റ) പറയുന്നു: ഹദ്റത്ത് സാഹിബ് ഈ കഥ കേൾപ്പിച്ചപ്പോൾ അത് ഏതെങ്കിലും രാജാവിന്റെ കാര്യമായിരിക്കുമെന്നു കരുതി കൂടുതൽ അതിനെക്കുറിച്ചൊന്നും ഞാൻ ചിന്തിക്കാൻ പോയില്ല. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രതിഛായയായിക്കൊണ്ടുള്ള നുബുവ്വത്ത് വാദിച്ചപ്പോൾ എനിക്കു മനസ്സിലായി അദ്ദേഹം സ്വന്തം ഉദാഹരണം വിവരിച്ചതായിരുന്നുവെന്ന്.(നിവേദകൻ പറയുന്നു:) വാസ്തവത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ ഹൃദയദർപ്പണത്തെ എത്രമാത്രം തിളക്കമാർന്നതാക്കിയെന്നാൽ അത് പ്രപഞ്ചത്തിനഭിമാനമായ മുഹമ്മദ്(സ)യുടെ അലങ്കാരഭംഗി പൂർണ്ണമായും പ്രതിഫലിപ്പിച്ചു.' **(സമ്പാദകൻ നജ്മുദ്ദീൻ മുറിയക്കണ്ണി)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**'അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും**
**മലക്കുകളുടെ വലയത്തിനുള്ളിൽ വരുന്നതിനും,**
**നമ്മളിൽ ഓരോരുത്തരും വിശുദ്ധഖുർആൻ പഠിക്കുകയും**
**അത് മനസ്സിലാക്കുകയും നമ്മുടെ മക്കളെ പഠിപ്പിക്കുകയും**
**നിത്യവും ഖുർആൻ പാരായണം ചെയ്യാൻ**
**അവരെ ഉപദേശിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്.'**
**(ഖുത്ബാത്തെ മസ്റൂർ, വാള്യം 3, പേജ് 565)**

ത്വാലിബെ ദുആ:
M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)

# അമീറുൽ മുഅ്മിനീനും മുഅ്മിനീംകളും

## മൗലവി മുഹമ്മദു ഇസ്മായീൽ ആലപ്പുഴ

വഴിതെറ്റി അലയുന്ന മനുഷ്യാത്മാക്കളെ നേർവഴിയിലാക്കുന്നതിനും ഏകദൈവവിശ്വാസത്തിൽ അവരെ ഉറപ്പിച്ചു നിറുത്തുന്നതിനും വേണ്ടി അല്ലാഹുവിൽനിന്ന് നബി അല്ലെങ്കിൽ പ്രവാചകൻ ആഗതനാകുന്നതോടെ പുതിയൊരു ജനസമൂഹം ലോകത്ത് ജന്മം കൊള്ളുന്നു. വിവിധ മതവിശ്വാസക്കാരും വിവിധദേശക്കാരും ആദർശക്കാരും നിർമതവാദക്കാരും നിരീശ്വരക്കാരും കറുത്തവർഗക്കാരും വെളുത്ത വർഗക്കാരും എന്നുവേണ്ട ലോകത്തുള്ള സകലമാന വിഭാഗങ്ങളിലുംപെട്ടവർ ചേർന്നാണ് പുതിയ സംഘം രൂപം കൊള്ളുന്നത്. ഇപ്പറഞ്ഞ ആളുകളുടെ മനസ്സിലുള്ള വിവിധ ആശയങ്ങളും വിഭിന്നങ്ങളായ വിശ്വാസങ്ങളും അവരിലെ പരസ്പര വിദ്വേഷവും അസൂയയും കുശുമ്പും വൈരാഗ്യവും അഹങ്കാരവും പൊങ്ങച്ചവും എല്ലാം നീങ്ങി, ദൈവനിയോഗിതൻ സമർപിക്കുന്ന ഒരേയൊരു വിശ്വാസപ്രമാണത്തിൽ അടിയുറച്ചു നില്ക്കുന്നവരായിരിക്കും അവർ. പിന്നെ ആ സമൂഹത്തിൽ വിശ്വാസപരമായ അഭിപ്രായ വ്യത്യാസങ്ങൾക്കു സ്ഥാനമില്ല.

പ്രവാചകനെ അല്ലാഹു നേരിട്ട് തിരഞ്ഞെടുക്കുന്നു. പ്രവാചകന്റെ ദൗത്യം പൂർത്തിയാകുന്നതോടെ അദ്ദേഹത്തിന്റെ അനുയായികൾ പൂർണമായും പക്വത പ്രാപിക്കുന്നു. എത്രമാത്രമെന്നാൽ മുമ്പേ അല്ലാഹു അവരിൽനിന്ന് അവർക്കു മാർഗദർശകനായി ഒരാളെ തിരഞ്ഞെടുത്ത നല്കുകയാണ് ചെയ്തതെങ്കിൽ ഇപ്പോൾ അവർ സ്വയം തങ്ങളുടെ മാർഗദർശകനെ തിരഞ്ഞെടുക്കാൻ പ്രാപ്തരാകുകയും തിരഞ്ഞെടക്കുകയും ചെയ്യുന്നു. അവരിലെ ഏറ്റവും നിസ്സാരനായ ഒരാളായിരിക്കും തിരഞ്ഞെടുക്കപ്പെടുന്നത്. പക്ഷേ, തന്റെ ഭക്തദാസർ തിരഞ്ഞെടുത്ത ആ വ്യക്തിയെ അല്ലാഹു അംഗീകരിക്കുന്നു. അതോടെ ലോകരുടെ ദൃഷ്ടിയിൽ നിസ്സാരനായിരുന്ന ആ വ്യക്തിയിൽ അത്ഭുതകരമായ മാറ്റം ഉണ്ടാകുന്നു. ആത്മീയതയുടെ തേജോവിലാസം അനുഗൃഹീതമായ ആ മുഖത്ത് പ്രോജ്ജ്വലിക്കുന്നു. ആ പ്രഭാവത്തിനു മുമ്പിൽ മറ്റുള്ളവർ നിഷ്പ്രഭരായിത്തീരുന്നു. അദ്ദേഹമാണ് പ്രവാചകന്റെ അല്ലെങ്കിൽ നബിയുടെ പ്രാതിനിധ്യം വഹിക്കുന്ന ഖലീഫ. സർവസാധാരണമായ ഈ തത്ത്വം കുബുദ്ധികൾക്കു മനസ്സിലായിക്കൊള്ളണമെന്നില്ല. അതുകൊണ്ടവർ പിറുപിറുത്തു നടക്കും.

ആ ഖലീഫയുടെ ജീവിതവും നബിയെപ്പോലെ സംശുദ്ധവും മാതൃകാപരവുമായിരിക്കും. ഖലീഫയ്ക്ക് തന്റെ അനുയായികളോടും അനുയായികൾക്ക് തങ്ങളുടെ ഖലീഫയോടുമുള്ള ബന്ധം അല്ലാഹു സൃഷ്ടിക്കുന്നതാണ്. വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു: "നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹം സ്മരിക്കുവിൻ. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഠത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്ന് അവൻ നിങ്ങളെ രക്ഷിച്ചു."(3:104)

അല്ലാഹു ഹൃദയങ്ങളെ തമ്മിൽ ഇണക്കിയിട്ടുള്ള ആ ഒരു വിഭാഗം ഇന്ന് അഹ്മദിയ്യ ജമാഅത്തു മാത്രമാണ്. അതിനെ തൊട്ടറിയാൻ ശ്രമിച്ചാൽ അക്കാര്യം ഓരോരുത്തർക്കും വ്യക്തമാകുന്നതാണ്. ഖലീഫയും അനുയായികളും തമ്മിലുള്ള ആ ബന്ധത്തിന്റെ ചില ഉദാഹരണങ്ങൾ സമർപിക്കുകയാണിവിടെ.

ജമാഅത്തിന്റെ സ്നേഹവും ആത്മാർഥതയും കണ്ടുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹുതആല ബിനസ്‌രിഹിൽ അസീസ് പറയുന്നു: "ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രിയപ്പെട്ട ജമാഅത്ത് കാണിച്ച സന്തോഷവും അല്ലാഹുവിനെ സ്തുതിക്കലുമുണ്ടല്ലോ, അത് ഈ ജമാഅത്തിന്റെ മാത്രം പ്രത്യേകതയാണ്. അതു ഇന്ന് ഈ ജമാഅത്തിലല്ലാതെ ലോകത്ത് ഒരിടത്തും കാണുകയില്ല. ഈ ഒരു അടയാളം മാത്രം മതി ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന്; പക്ഷേ, മനസ്സിൽ ദൈവഭയം ഉണ്ടാകണമെന്നു മാത്രം. അല്ലാഹു സത്യവിശ്വാസികളുടെ ജമാഅത്തിന് പരലോകസ്വർഗത്തെ സംബന്ധിച്ച് സുവാർത്ത നല്കുമ്പോൾ , അതു പിന്നീടു കാണിക്കുമെന്ന വാഗ്ദാനം മാത്രമല്ല നല്കിയിട്ടുള്ളത്, പ്രത്യുത ഈ ലോകത്തും ആത്മാർഥതയുടേയും കൂറിന്റേയും സ്നേഹത്തിന്റേയും മാതൃക കാണിച്ചുകൊണ്ടു ഭാവിയിൽ സ്വർഗം നല്കുമെന്നു പറഞ്ഞിട്ടുള്ള വാഗ്ദാനത്തിനു കരുത്തു പകരുകയും ചെയ്യുന്നുണ്ട്. നിത്യേന വരുന്ന കത്തുകളിലൂടെ ഇതിന്റെ ദൃശ്യം ഞാൻ കണ്ടുകൊണ്ടിരിക്കുന്നു. അതുകാണുമ്പോൾ അല്ലാഹുവിന്റെ സ്തുതിയാൽ മനസ്സ് തിങ്ങിനിറയുന്നു; നൂറുക്കണക്കിന്, ആയിരക്കണക്കിനു മൈൽ ദൂരെയുള്ള ഒരു വ്യക്തി അല്ലാഹുവിനു വേണ്ടി മാത്രം ഖലീഫയോടു സ്നേഹവും സന്തോഷവും കാണിക്കുകയാണ്. ഇവിടെയുള്ളതും ഇതേ അവസ്ഥ തന്നെയാണു. ഒരു വൈദ്യുതിപ്രവാഹംപോലെ പെട്ടെന്നാണ് അതേ വികാരങ്ങൾ ശരീരത്തിൽ പ്രവഹിക്കുന്നതു. അൽഹംദുലില്ലാഹ്, അൽഹംദുലില്ലാഹ്." (ഖുത്ബാത്തെ മൻസ്വൂർ വാള്യം 1 പേജ് 17, 2003)

ഖലീഫത്തുൽ മസീഹ് പറയുന്നു: "ഇപ്രകാരംതന്നെ ഫ്രാൻസിലെജൽസയും അതിന്റേതായ നിലയിൽ വളരെ വിജയമായിരുന്നു. അൽഹംദുലില്ലാഹ്. ഇവിടുത്തെ പ്രവർത്തകരും കൃതജ്ഞതയ്ക്കർഹരാണ്. ഇവിടുത്തെ ജൽസയുടെ ഏറ്റവും വലിയ പ്രത്യേകത എന്തായിരുന്നുവെന്നുവച്ചാൽ, വലിയൊരു വിഭാഗം അംഗങ്ങൾ പാകിസ്താനു വെളിയിലുള്ളവരാണ്. അവർ ആഫ്രിക്ക, അൾജീരിയ, മൊറോക്കൊ, ഫിലിപൈൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള അഹ്മദികളാണ്. എല്ലാവരും അത്യധികം ആവേശത്തോടും ഉത്സാഹത്തോടും അവരവരുടെ ചുമതലകൾ ഭംഗിയായി നിർവഹിച്ചു. ദീർഘകാലത്തെ പരിചയമുള്ളവരുടേതുപോലെയായിരുന്നു അവരുടെ പ്രവർത്തനം. അല്ലാഹു അവരുടെ ഈമാനിലും ആത്മാർഥതയിലും അനുഗ്രഹങ്ങൾ ചൊരിയുമാറാകട്ടെ. ഖിലാഫത്തിനോടും ജമാഅത്തിനോടുമുള്ള അവരുടെ സ്നേഹവും വിവരണാതീതമാണ്. അല്ലാഹു അതു വർധിപ്പിച്ചുകൊണ്ടിരിക്കുകയും ഉറച്ചുനില്ക്കാൻ കരുത്തു പകരുകയും ചെയ്യുമാറാകട്ടെ."(ഖുത്ബാത്തെ മൻസ്വൂർ വാള്യം 1 പേജ് 322, 2003)

വീണ്ടും പറയുന്നു: "ഇന്തൊനേഷ്യക്കാരെക്കുറിച്ചാണ് ഞാൻ പറഞ്ഞു വന്നത്. അവരുടെ നെഞ്ചകങ്ങൾ വിശ്വാസപരമായ യുക്തിജ്ഞാനങ്ങൾകൊണ്ടു അല്ലാഹു നിറച്ചുകൊണ്ടിരിക്കുകയാണെന്ന് ഹ്ദറത്ത് മസീഹു മൗഊദ്(അ) പറയുകയുണ്ടായി. എല്ലായിടത്തും ആ ദൃശ്യം നല്ലവണ്ണം കാണാൻ കഴിഞ്ഞു. ഖുത്ബയ്ക്കു ശേഷം –അതിൽ സിംഗപൂരിലെ ഖുത്ബയെക്കുറിച്ചാണ് പ്രതിപാദിച്ചത്– പരസ്പരം ആശ്ലേഷിച്ച് ഇക്കൂട്ടർ വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു. തങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി അല്ലാഹു മാറ്റുമെന്നും അവന്റെ സഹായങ്ങളുടെ ദൃശ്യം കൂടുതൽ തങ്ങൾ കാണുമെന്നുമുള്ള കാര്യത്തിൽ ഉറച്ചു നില്ക്കുകയാണവർ. ഇൻശാഅല്ലാഹ്. സിംഗപ്പൂരിൽ മലേഷ്യയ്ക്കും ഇന്തൊനേഷ്യയ്ക്കും– ഇവിടെ നിന്നാണ് ഏറ്റവും കുടുതലാളുകൾ പങ്കെടുത്തിരുന്നത്– പുറമെ മറ്റു ചില രാജ്യങ്ങളിൽനിന്നും കുറച്ചാളുകൾ വന്നിരുന്നു; ഫിലിപൈൻ, കമ്പോഡിയ, പാപ്വാനിയോ ഗിനി, തായ് ലാൻഡ്. അവരെല്ലാവരും ദൈവകൃപയാൽ ആത്മാർഥതയുടേയും കൂറിന്റേയും മാതൃക കാഴ്ചവയ്ക്കുന്നവരായിരുന്നു. ചിലർ ബയ്അത്തു ചെയ്തിട്ട് കുറച്ചു വർഷമേ ആയിട്ടുള്ളു; പുരുഷന്മാരും, സ്ത്രീകളും. പക്ഷേ, അവരുടെ ഖിലാഫത്തിനോടുള്ള ബന്ധവും കൂറും അത്ഭുതമുളവാക്കുന്നതായിരുന്നു. അവിടെ വരാനും അവർക്കു കൂടുതൽ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. വളരെ വളരെ ദൂരദൂര സ്ഥലങ്ങളിലാണ് അവർ വസിക്കുന്നത്. വാടകയ്ക്കു വണ്ടിപിടിച്ചാണ് അവർ അവിടെ എത്തിയത്. ടിക്കറ്റു തുടങ്ങിയവയ്ക്കു വൻചെലവാണ്. അവർ അല്ലാഹുവിന്റെ കക്ഷിക്കാരാണ്, അവരെ അവൻ തന്നെ


**അല്ലാഹുവിന്റെ കലാം**

*"അല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പേയുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ രക്ഷപ്പെടുന്നതിനുവേണ്ടി.'(2:22)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

**കലാമുൽ ഇമാം:–**

**'ഈ ലോകത്ത് ദൈവത്തെ കാണാൻ ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിലായിരിക്കും. അല്ലാഹു പറയുന്നു: 'ഈ ലോകത്ത് കുരുടനായവൻ പരലോകത്തും കുരുടനായിരിക്കും.' (കിതാബുൽ ബരിയ്യ പേജ് 47)**

ത്വാലിബെ ദുആ:
C. Shameem Ahmad
Ahmadiyya Jama-ath Calicut, Kerala.

സംരക്ഷിക്കുമെന്ന് ഹ്ദറത്ത് മസീഹു മൗഊദ്(അ) പറഞ്ഞത് എത്രവ്യക്തമായിട്ടാണ് പുലർന്നത്." (ഖുത്ബഃ ജുമുഅഃ 19-05-2006, ബയ്ത്തുൽഫുതൂഹ് ലണ്ടൻ)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് പറയുന്നു: "ഇപ്പോൾ നടത്തിയ ആഫ്രിക്കൻ പര്യടനത്തിൽ കഴിഞ്ഞ വർഷത്തെപ്പോലെ ഇപ്രാവശ്യവും വിവിധ രാജ്യങ്ങളിൽപ്പോയി അഹ്മദികളിൽ കണ്ട ആത്മാർഥതയുടേയും കൂറിന്റേയും ഒരു വിശദീകരണമുണ്ട്. ചിലതു അനുഭവിച്ചറിയാനെ കഴിയൂ, വിവരിക്കാൻ പറ്റുകയില്ല. തൻസാനിയായിലെ എല്ലാ റോഡുകളും സഞ്ചാരയോഗ്യമല്ല, ഒരു പട്ടണത്തിൽനിന്ന് മറ്റൊരു പട്ടണംവരെ എത്താൻ, 600-700 കിലോമീറ്റർയാത്ര ചെയ്യാൻ 8,10 ദിവസം വേണ്ടിവരും. അവിടെ ചെറിയൊരു വിമാനത്താവളമുണ്ട്. അവിടുത്തെ അങ്കകലത്തുള്ള, മറ്റുള്ളവയെ അപേക്ഷിച്ച് വലിയൊരു പ്രദേശത്ത് ചെറിയൊരു വിമാനത്തിൽ ഞങ്ങൾ പോയി. ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ നിന്ന് ആളുകൾ അവിടെ എന്നെ കാണാൻ വന്നിരുന്നു. അവരിലെ ആവേശവും കാണേണ്ടതു തന്നെയാണ്. എം.ടി.എയുടെ സൗകര്യംപോലുമില്ലാത്ത ഒരുപാടു സ്ഥലങ്ങൾ ഉണ്ടവിടെ. അതുകൊണ്ടു എം. ടി. എ കണ്ടിട്ടാണ്, ചിത്രങ്ങൾ കണ്ടിട്ടാണ് ഈ ബന്ധമുണ്ടായതെന്ന് പറയാൻവയ്യ. പ്രത്യേക സ്നേഹവും ബന്ധവും വിളിച്ചറിയിക്കുന്നതായിരുന്നു സൽകർമകാരികളായ അവരുടെ ആവേശം. ഹസ്തദാനം ചെയ്തപ്പോഴുള്ള അവരുടെ വികാരങ്ങൾ വിവരിക്കുക എന്നത് എനിക്കു പ്രയാസമാണ്. ഒരുദാഹരണം പറയാം.

"ഹസ്തദാനം ചെയ്യാൻ ആളുകൾ വരിവരിയായി നില്ക്കുകയാണ്. ഒരാൾ കൈ മുമ്പോട്ടു നീട്ടി. ഒപ്പം വികാരാധീനനായി കരയാൻ തുടങ്ങി. ഈ ബന്ധം, ഈ സ്നേഹപ്രകടനം ഏതെങ്കിലും രാജാവുമായിട്ട് ഉണ്ടാകാറുണ്ടോ? അതല്ല, ഈ ബന്ധം അല്ലാഹുവിൽനിന്ന് ഹൃദയാന്തരങ്ങളിൽ സൃഷ്ടിക്കപ്പെടുന്നതാണോ? തളർവാതരോഗിയായ ഒരു പഴയകാല അഹ്മദി നിർബന്ധം പിടിച്ച് 40, 50 കിലോമീറ്ററോ മൈലോ യാത്ര ചെയ്ത് എന്നെ കാണാൻ വന്നിരുന്നു. രോഗം കൊണ്ട് അദ്ദേഹത്തിന്റെ കൈ തിരിഞ്ഞു പോയിരുന്നു. ആ കൈകൾകൊണ്ട് എന്റെ കൈ അദ്ദേഹം ശക്തമായി പിടിച്ചു. എന്റെ കൈ വിലങ്ങുകൾക്കുള്ളിൽക്കുരുങ്ങിയതായി എനിക്കു അനുഭവപ്പെട്ടു. ഇത്രമാത്രം കഷ്ടപ്പാട് ഏതെങ്കിലും ഭൗതിക സുഖത്തിനായി ഒരു രോഗി സഹിക്കുമോ? ചുരുക്കം പറഞ്ഞാൽ വികാരങ്ങളുടെ വിവിധ രംഗങ്ങൾ വെളിപ്പെടുകയായിരുന്നു അവിടെ.

"ഇതേ അവസ്ഥ തന്നെയായിരുന്നു കെനിയയിലെ ദൂരദൂരയുള്ള പ്രദേശങ്ങളിലെ അഹ്മദികളിലും. ഇതേ വികാരങ്ങൾ തന്നെയായിരുന്നു ഉഗാണ്ടയിലെ ദൂരദൂര പ്രദേശങ്ങളിൽ വസിക്കുന്ന അഹ്മദികളിലും. റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു വരുമ്പോൾ അതു നിങ്ങൾ വായിക്കണം. അപ്പോൾ മനസ്സിലാകും ഖിലാഫത്തിനോടു ജനങ്ങൾക്കുള്ള ആത്മാർഥത എത്രത്തോളമാണെന്ന്. ഇൻശാഅല്ലാഹ് ഇതേ സല്കർമവും ആത്മാർഥതയും അഹ്മദിയ്യാ ജമാഅത്തിന്റെ എന്നെന്നുമുള്ള ദൃഢതയ്ക്കും ഖിലാഫത്തിന്റെ സുസ്ഥിരതയ്ക്കും കാരണമായി മുന്നോട്ടുപോകുന്നതാണ്." (അൽഫദ്ൽ ഇന്റർനാഷണൽ ജൂൺ 10-17, 2005)

ആഫ്രിക്കയിലെ അവസ്ഥകൾ വിവരിച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് പറഞ്ഞു: "ഉഗാണ്ടയിൽ വിമാനമിറങ്ങി, വിമാനത്താവളത്തിനു വെളിയിൽ വന്നപ്പോൾ ഒരു സ്ത്രീ തന്റെ 2, 3 വയസ്സുള്ള കുഞ്ഞിനേയുമെടുത്ത് കാറിനൊപ്പം ഓടാൻ തുടങ്ങി. അവരുടെ നയനങ്ങളിൽ ഖിലാഫത്തിനോടും ജമാഅത്തിനോടുമുള്ള ബന്ധം തെളിഞ്ഞു കാണാമായിരുന്നു; കൂറ് പ്രകടമായിരുന്നു. കുഞ്ഞ് എന്നെ നോക്കുന്നുണ്ടായിരുന്നില്ല. അവർ ഇടയ്ക്കിടെ കുഞ്ഞിന്റെ മുഖം എന്റെ നേരെ തിരിച്ച് ചൂണ്ടിക്കാണിച്ചുകൊണ്ടിരുന്നു. കുഞ്ഞിനോടു നോക്ക് നോക്ക് എന്നു പറഞ്ഞുകൊണ്ടു കുറേ ഓടി. അവർ തിക്കിലും തിരക്കിലും പെട്ടുകൊണ്ടി രുന്നു. പക്ഷേ, അതൊന്നും അവർ വകവെച്ചില്ല. അവസാനം കുട്ടി എന്നെ കണ്ടപ്പോൾ ചിരിച്ചുകൊണ്ട് കൈ വീശാൻ തുടങ്ങി. അപ്പോഴാണ് ആ പെറ്റുമ്മായ്ക്ക് സമാധാനമായത്. ആ കുഞ്ഞിന്റെ മുഖത്തെ തിളക്കവും സന്തോഷവും വർഷങ്ങളായിട്ടു പരിചയമുള്ള തുപോലെയായിരുന്നു. ഇത്തരം മാതാക്കളുടെ മടിത്തട്ടിൽ ഖിലാഫത്തിനോടു സ്നേഹമുള്ള കുട്ടികൾ ചിറകുമുളച്ചു വളരുമ്പോൾ അഹ്മദിയ്യ ജമാഅത്തിന് ഭാവിയെ സംബന്ധിച്ച് പിന്നെന്ത് ഭീഷണിയാണുള്ളത്" (അൽഫദ്ൽ ഇന്റർനാഷണൽ ജൂൺ 10-17, 2005)

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു: "എല്ലാ ആക്ഷേപങ്ങളുടേയും എതിരാളികളുടേയും മേൽ വിജയിക്കുന്ന ഹ്ദറത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവസുറ്റ ഒരു മുഅ്ജിസത്താണ് അഹ്മദിയ്യാ ജമാഅത്തിന്റെ രൂപീകരണവും അതിന്റെ ശിക്ഷണവും അതിന്റെ പെരുമാറ്റവും അതിന്റെ കൃത്യനിർവഹണവും. അത്തരം കൃത്യനിർവഹണം ലോകത്ത് ഒരിടത്തും കാണാൻ കഴിയില്ല. ഈ ജമാഅത്തിനെ ഉദാഹരിക്കാൻ ലോകത്ത് ഒന്നുംതന്നെയില്ല. അത്തരത്തിലുള്ള അനുരക്തിയും സ്നേഹവും ബന്ധവും കാണുമ്പോൾ സ്നേഹമുണ്ടായിട്ടും അസൂയ തോന്നുന്നു. നമ്മളെക്കാൾ കൂടുതൽ ഇവർ നമ്മെ സ്നേഹിക്കുന്നില്ലേ എന്ന ആശങ്കയുമുണ്ട്. ഈ അവസ്ഥ എങ്ങനെയുള്ളതാണെന്നുവച്ചാൽ, യഥാർഥത്തിൽ ലോകത്തിന്റെ പർദയ്ക്കുള്ളിൽ അതിനുള്ള ഉദാഹരണം എടുത്തു കാണിക്കുക എന്നതു പോകട്ടെ, അതിന്റെ ചേരുവകൾക്കുപോലും ഒരു ഉദാഹരണം കാണാൻ കഴിയില്ല." (ഖുത്ബാത്തെ ത്വാഹിർ വാള്യം 1, പേജ് 2,3)

ലണ്ടൻ മസ്ജിദ് ഇമാം മൗലാനാ അത്വാവുൽ മുജീബ് റാശിദ് സാഹിബിൽനിന്ന് നിവേദനം. കാനഡായിലെ ഒരു അഹ്മദി സ്നേഹിതൻ, അമുസ്ലിമായ ഒരു പ്രൊഫസർ ഡാക്ടർ ഗ്വാൽതീരിയെ ഹുസൂറിന് പരിചയപ്പെടുത്താൻ ലണ്ടനിൽ കൊണ്ടുവന്നു. കൂടിക്കാഴ്ചയ്ക്കു പോകുന്നതിനു മുമ്പേ അദ്ദേഹം എന്റെ ഓഫീസിലാണു വന്നത്. അഹ്മദി സുഹൃത്ത് അദ്ദേഹത്തെ എനിക്കു പരിചയപ്പെടുത്തി. ലണ്ടനിൽ വന്നതിന്റെ ഉദ്ദേശ്യവും പറഞ്ഞു. പ്രാരംഭ പരിചയപ്പെടലിനുശേഷം ആദ്യമായി വന്നതുകൊണ്ടു, ഹുസൂറിന്റെ സ്ഥാനത്തെക്കുറിച്ചും, വ്യക്തിത്വത്തെക്കുറിച്ചും എന്തെങ്കിലും അദ്ദേഹത്തിനു പറഞ്ഞു കൊടുക്കണമെന്നു എനിക്കു തോന്നി. കുറച്ചു കാര്യങ്ങൾ ഞാൻ അദ്ദേഹത്തിനു പറഞ്ഞുകൊടുക്കുകയും ചെയ്തു. ഓരോ അഹ്മദിയുടേയും മനസ്സിൽ ഖലീഫയോടു അതിരറ്റ സ്നേഹമാണുള്ളത്. അവർ സംസാരിക്കുമ്പോൾ സ്നേഹത്തിന്റെ ഈ വശം അവരുടെ മുഖത്ത് വ്യക്തമായും തെളിഞ്ഞുവരും. ഏതാണ്ട് ഈ രീതിയിലാണ് ഞാൻ അദ്ദേഹത്തോടു സംസാരിച്ചത്. എന്താണ് അന്ന് പറഞ്ഞതെന്ന് ഇപ്പോൾ എനിക്കു നല്ല ഓർമയില്ല. പക്ഷേ, അദ്ദേഹത്തിന് ആ സംസാരം വളരെ പ്രയോജനപ്പെട്ടു. അതിനുശേഷം അദ്ദേഹം ഹുദൂറിനെ കാണാൻപോയി. ഒരുപാടുനേരം ഹുദൂറുമായി സംസാരിച്ചിരുന്നു. എന്തെല്ലാം വിഷയങ്ങളെ സംബന്ധിച്ചാണ് സംസാരിച്ചതെന്ന് എനിക്കോർമയില്ല. പക്ഷേ, ഒന്നറിയാം ആ ബുദ്ധിജീവിയായ പ്രൊഫസർ കൂടിക്കാഴ്ചയുടെ രത്നച്ചുരുക്കം എത്ര മനോഹരമായിട്ടാണ് വിവരിച്ചത്. അദ്ദേഹത്തിന്റെ അഹ്മദി സുഹൃത്ത് എന്നോടു പറഞ്ഞു, 'ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്കു ശേഷം പ്രൊഫസർ സാഹിബ് വെളിയിൽവന്നു. അദ്ദേഹം പറഞ്ഞു, 'ഇമാം സാഹിബിന്റെ സംസാരത്തിൽ നിന്ന് എനിക്കു മനസ്സിലായത് അഹ്മദീ മുസ്ലീംകൾ തങ്ങളുടെ ആത്മീയനേതാവിനെ അങ്ങേയറ്റം സ്നേഹിക്കുന്നുവെന്നാണ്. പിന്നീടു അവരുടെ ആത്മീയനേതാവുമായി സംസാരിച്ചപ്പോൾ എനിക്കൊന്നു മനസ്സിലായി, അഹ്മദികൾ തങ്ങളുടെ ആത്മീയനേതാവിനെ സ്നേഹിക്കുന്നുണ്ട് പക്ഷേ, സത്യമെന്താണെന്നുവച്ചാൽ, അവരുടെ നേതാവ് അവരെക്കാൾ കൂടുതൽ അവരെ സ്നേഹിക്കുന്ന ആളാണ്.' എത്ര നേരോടും സത്യസന്ധവുമായിട്ടാണ് ആ ബുദ്ധിജീവി ജമാഅത്തിനെ വിലയിരുത്തിയത്? (മാഹനാമഃ ഖാലിദ് സയ്യിദുനാ ത്വാഹിർ നമ്പർ 2004, പേജ് 299)

ബഹുമാനപ്പെട്ട ചൗധരി ഹമീദുല്ലാഹ് സാഹിബ് വക്കീലുൽ അഅ്ലാ തഹ്രീക്കെ ജദീദ് പറയുന്നു: "1984 ഏപ്രിൽ 28ന് (തൊട്ടടുത്ത ദിവസമാണ് ഹുദൂർ ഹിജ്റത്ത് ചെയ്തത്) റബ്വയിലെ മസ്ജിദ് മുബാറക്കിൽ ഒരു നമസ്കാരത്തിനു ശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ജമാഅത്തംഗങ്ങളെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: 'അസ്സലാമു അലയ്ക്കും വറഹ്മത്തുല്ലാഹ്. പ്രസംഗിക്കാനല്ല ഞാൻ നിങ്ങളെ ഇരുത്തിയത്. നിങ്ങളെ ഒന്നു കാണാൻ വേണ്ടിയാണ്. നിങ്ങളെ കാണുമ്പോൾ എന്റെ കണ്ണുകൾക്കു കുളിർമ അനുഭവപ്പെടുന്നു. എന്റെ ഹൃദയത്തിന് സമാധാനം ലഭിക്കുന്നു. എനിക്കു നിങ്ങളോടു സ്നേഹമുണ്ട്; അനുരക്തിയുണ്ട് അല്ലാഹുവാണ! ഇത്രമാത്രം സ്നേഹം ഒരു മാതാവിനും ഉണ്ടാകുകയില്ല."(മാഹനാമഃ ഖാലിദ് സയ്യിദുനാ ത്വാഹിർ നമ്പർ 2004, പേജ് 299) **(തുടരും)**

## ഹദീഥുന്നബ്‌വി (സ):

***സ്വന്തം കൈകൊണ്ടു സമ്പാദിച്ച ഭക്ഷണത്തെക്കാൾ ഉത്തമമായ ഒരു ഭക്ഷണവുമില്ല. (സ്വഹീഹ് ബുഖാരി, കിതാബുൽബുയൂഅ്)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അല്ലാഹുവിനോടുണ്ടാകേണ്ട സത്യസന്ധത, കൂറ്, ആത്മാർഥത, സ്നേഹം അല്ലാഹുവിലുള്ള സമർപ്പണം ഒന്നും ഇല്ലാതായിപ്പോയിരിക്കുന്നു."(മൽഫൂദാത്ത് വാള്യം 6 പേജ് 352)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

(പേജ് 2ൽനിന്ന്)

നത്തിന്റെ അടയാളമായി നിലനില്ക്കുന്നതായിരിക്കും. ഇതിൽനിന്ന് നിർഗളിക്കുന്ന സാഹോദര്യം സ്നേഹം പ്രീതി എന്നിവ ഈ നഗരത്തിൽ മാത്രമല്ല അതിനെക്കാൾ കൂടുതൽ വ്യപിക്കുന്നതായിരിക്കും. ഇത് എങ്ങനെയുള്ള സമാധാനത്തിന്റെ സ്ഥലമാകുമെന്നാൽ ഇവിടെ സംഘടിച്ച് ആരാധന നടത്തുന്നവർ തങ്ങളുടെ അയൽവാസികളോടു നല്ല രീതിയിൽ പെരുമാറുന്നവരായിരിക്കും. അവരോടുള്ള കടമകൾ നിറവേറ്റുന്നവരായിരിക്കും. ഇത് ഇസ്‌ലാമിന്റെ പ്രശോഭിതമായ അധ്യാപനത്തെ പ്രകടിപ്പിക്കുന്നതായിരിക്കും. നമ്മുടെ മതത്തെ കുറിച്ച് നിലവിലുള്ള എല്ലാ ഭയത്തേയും ആശങ്കകളേയും അകറ്റുന്നതായിരിക്കും. ഇൻശാ അല്ലാഹ്! തദ്ദേശവാസികളുടെ മനസ്സിലുള്ള ഭയമെല്ലാം അകന്നു പോകുന്നതായിരിക്കും. ഈ മസ്ജിദ് കാണുമ്പോഴും ഇവിടെ ആരാധനയ്ക്കു വരുന്ന ആളുകളുമായി കണ്ടുമുട്ടുമ്പോഴും ഒരു വിഷമത്തിന്റേയും അസ്വസ്ഥതയുടേയും ആവശ്യമില്ലെന്ന് അവർക്ക് പെട്ടെന്ന് മനസ്സിലാകും. ഈ വാദം ഉന്നയിക്കുന്നത് എളുപ്പമാണ്. എന്നാൽ, അഹ്മദീ മുസ്‌ലിമീങ്ങൾ സ്വയം പ്രബോധിക്കുന്നതാണ് ചെയ്യുന്നതെന്ന് ക്ഷണത്തിൽ നിങ്ങൾ എന്റെ ഈ വാദങ്ങളെ സ്വയം സാക്ഷ്യപ്പെടുത്തുന്നതായിരിക്കുനും. ഇസ്‌ലാമിന്റെ സമാധാനപരമായ അധ്യാപനത്തിന്റെ വാദം മാത്രമല്ല ചെയ്യുന്നതെന്നും പ്രത്യുത അതിനെ മുന്തിക്കുന്നുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നതായിരിക്കും. എന്തൊന്ന് ഞാൻ മസ്ജിദിന്റെ ഉദ്ദേശ്യങ്ങളെ കുറിച്ച് ഇപ്പോൾ വിവരിച്ചുവോ അതു വെറും തോന്നലും സ്വപ്നവുമല്ലെന്ന് തദ്ദേശവാസികൾ എത്രയും വേഗം അനുഭവിച്ചറിയുമെന്ന് എനിക്ക് ദൃഢമായ വിശ്വാസമുണ്ട്.

ഹുദൂർ പറഞ്ഞു: 'ഈ അവസരത്തിൽ ഞാൻ ഇതും കൂടി പറയാനാഗ്രഹിക്കുകയാണ്. ലോകത്തിന്റെ നന്മയ്ക്കും ക്ഷേമത്തിനും സമാധാനത്തിനുംവേണ്ടി കൂടിച്ചേർന്ന് പണിയെടുക്കേണ്ടത് സമൂഹത്തിലെ എല്ലാ ഓരോ മുസ്‌ലിമിന്റേയും അമുസ്‌ലിമിന്റേയും മതവിശ്വാസിയുടേയും നിർമതക്കാരന്റേയും നിർബന്ധ കടമയാണ്. പരസ്പരം ആക്ഷേപങ്ങൾ ഉന്നയിക്കുന്നതിനും മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും ചൂണ്ടിക്കാണിക്കുന്നതിനും പകരം നമ്മൾ നമ്മുടെ മനസ്സുകളെ വിശാലമാക്കിക്കൊണ്ട് സഹതാപവും സൽപെരുമാറ്റവും പ്രകടിപ്പിക്കേണ്ടതാണ്. പരസ്പരം മതത്തിന്റെ മേൽ ആക്രമണം നടത്തുകയും അനാവശ്യമായി മറ്റുള്ളവരെ പ്രകോപിപ്പിക്കുകയും ചെയ്യുന്നതിനുപകരം നമ്മൾ പരസ്പരം ആദരവും ബഹുമാനവും സഹനവും പ്രദർശിപ്പിക്കുക എന്നത് കാലത്തിന്റെ പെട്ടെന്നുള്ള ആവശ്യമാണ്. യഥാർഥവും എന്നെന്നും നിലനില്ക്കുന്നതുമായ സമാധാനം ക്ഷണത്തിൽ സ്ഥാപിതമാകുകയില്ല. പ്രത്യുത നമ്മെ പരസ്പരം കൂട്ടിച്ചേർക്കുകയും ഐക്യപ്പെടുത്തുകയും ചെയ്യുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നത് നമ്മളെല്ലാവരുടേയും നിർബന്ധ കടമയാണ്. നമ്മുടെ അഭിപ്രായ ഭിന്നതകൾ നമ്മെ വിഭജിക്കാനോ സമൂഹത്തെ നശിപ്പിക്കാനോ പാടില്ല.

ഹുദൂർ പറഞ്ഞു: നമ്മൾ ലോകചരിത്രത്തിലെ ഏറ്റവും ലോലമായ വളവിലൂടെയാണ് കടന്നു പൊയ്ക്കൊണ്ടിരിക്കുന്നതെന്ന് ഞാൻ സമ്മതിക്കുന്നു. ഇവിടെ ലോകം ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കക്ഷിപ്രതികക്ഷികളായി വിഭജിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മൾ നാശത്തിന്റെ വക്കിലാണ് നില്ക്കുന്നത്. അതുകൊണ്ടുതന്നെ നമ്മൾ അടിമുടി ആത്മപരിശോധന നടത്തേണ്ട നേരമാണിത്. നമ്മുടെ എല്ലാ കഴിവുകളും മനുഷ്യന്റെ ഭാവി സുരക്ഷിതമാക്കുന്നതിനുവേണ്ടി ചെലവഴിക്കുക. നമ്മൾ നമ്മുടെ മനുഷ്യത്വത്തെ വെളിപ്പെടുത്തേണ്ട സമയമാണിത്. നമ്മുടെ സമൂഹത്തിലും ജനതയിലും എന്നല്ല മുഴുലോകത്തും സമാധാനം സ്ഥാപിക്കാൻ എല്ലാ വിധത്തിലും ശ്രമിക്കുക. ഇത് സാധ്യമാകുന്നത് നമ്മൾ പരസ്പരം കൂടിച്ചേരുമ്പോഴാണ്. പരസ്പരം വിശ്വാസാദർശങ്ങളെ ആദരിക്കുമ്പോഴാണ്. അപ്പോഴാണ് നമുക്ക് മുഴുലോകത്തും വ്യാപിച്ചിട്ടുള്ള ഈ വെല്ലുവിളി നേരിടാൻ കഴിയുന്നത്. അപ്പോഴാണ് നമുക്ക് നമ്മുടെ കുട്ടികൾക്കുവേണ്ടി പ്രതീക്ഷയുടെ കിരണങ്ങൾ ഉണ്ടാക്കാൻ കഴിയുക. അപ്പോഴാണ് നമ്മുടെ പിന്നാലെ വരുന്ന തലമുറകൾക്കുവേണ്ടി സമാധാന നിർഭരവും മനോഹരവുമായ ലോകം വിട്ടുംവച്ച് പോകാൻ കഴിയുക. സ്വാർഥലാഭവും അതിമോഹവുംകൊണ്ട് നമ്മൾ അന്ധരാവാൻ പാടില്ല. മറിച്ച് നമ്മൾ നമ്മുടെ കണ്ണുകൾ തുറക്കേണ്ടതാണ്. കൂട്ടായ നേട്ടത്തിൽ ദൃഷ്ടി പതിപ്പിക്കേണ്ടതാണ്.

ഹദൂർ പറഞ്ഞു: ഞാൻ പ്രതീക്ഷിക്കുന്നു. ദുആയും ചെയ്യുന്നു. നമ്മളെല്ലാവരും മതപരമായ വ്യത്യാസമൊന്നുംകൂടാതെ ഒന്നിച്ച് ചേർന്ന് നന്മ കാംക്ഷിച്ചുകൊണ്ടും പരസ്പരം ആദരവോടു കൂടിയും ഒന്നു ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. നമ്മുടെ കൂട്ടായ ആഗ്രഹം നമ്മൾ നമ്മുടെ പിന്നാലെ വരുന്ന ലോകത്തിന് ഒരു നല്ല സ്ഥലമുണ്ടാക്കണമെന്നതായിരിക്കണം. നമ്മുടെ കൂട്ടായ ഉദ്ദേശ്യം സമാധാന സംസ്ഥാപനവും സമൂഹത്തിലെ എല്ലാ ആളുകൾക്കുമിടയിൽ ഐക്യവും നന്മയും ഉണ്ടാക്കുക എന്നതായിരിക്കണം. നമ്മൾ നിരന്തരം നമ്മുടെ പിന്നാലെ വരുന്നവർക്ക് നല്ലൊരു ലോകം വിട്ടുംവച്ച് പോകണമെന്ന ഉദ്ദേശ്യസാഫല്യത്തിനുവേണ്ടി പണിയെടുക്കേണ്ടതാണ്. അവിടെ ജനങ്ങൾ മതപരമായ വിവേചനമില്ലാതെ വിശ്വാസാദർശപരമായ വ്യത്യാസമില്ലാതെ കൂടിച്ചേർന്ന് താമസിക്കണം. അല്ലാഹു നമുക്കതിനു സൗഭാഗ്യം തരുമാറാകട്ടെ. നമ്മളെല്ലാവരും ചേർന്ന് മനുഷ്യകുലത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവൃത്തിക്കുന്നവരാകട്ടെ. ആമീൻ.

ഹുദൂർ പറഞ്ഞു: അവസാനമായി നിങ്ങൾക്കെല്ലാവർക്കും ഒരിക്കൽക്കൂടി ഞാൻ നന്ദി പറയുകയാണ്. നിങ്ങൾ ഇവിടെ ഞങ്ങളോടൊപ്പം പങ്കെടുത്തു. അല്ലാഹു നിങ്ങളുടെമേൽ അവന്റെ കൃപ ചൊരിയുമാറാകട്ടെ. ആമീൻ. നിങ്ങൾക്കെല്ലാവർക്കും വളരെ വളരെ നന്ദി.

ഹുദൂറിന്റെ ഈ പ്രസംഗം 7.25 വരെ നീണ്ടുനിന്നു. അവസാനം ഹുദൂർ ദുആ ചെയ്യിച്ചു. അതിനുശേഷം അതിഥികളോടൊപ്പം ഹുദൂർ ഭക്ഷണം കഴിച്ചു. ഭക്ഷണത്തിനുശേഷം ചില അതിഥികൾ ഹുദൂറിനെ കണ്ടു. ചിലർ ഹുദൂറുമൊത്ത് ഫോട്ടൊയുമെടുത്തു.

പരിപാടിക്കുശേഷം ഇവിടെനിന്ന് ഹുദൂർ ബയ്ത്തുർറഹ്മാൻ മസ്ജിദിലേക്ക് പോയി. ബാൾട്ടിമോറിൽനിന്ന് ബയ്ത്തുർറഹ്മാൻ മസ്ജിദുവരെ 34 മൈൽ ദൂരമുണ്ട്. 9.30 ന് ഹുദൂർ ഇവിടെ എത്തി. മഗ്‌രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരങ്ങൾക്കുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി (ബദ്ർ വാരിക, 2019 ജനുവരി 17 –24)

## 2018 ഒക്ടോബർ 20, ശനിയാഴ്ച:

### പ്രോഗ്രാമിൽ പങ്കെടുത്തവരുടെ പ്രതികരണങ്ങൾ:–

ബാൾട്ടീമോറിലെ ബയ്ത്തുസ്സമദ് മസ്ജിദിന്റെ ഉല്ഘാടന വേളയിൽ ഹുദൂർ നിർവഹിച്ച പ്രഭാഷണം അതിഥികളെ ആഴത്തിൽ സ്വാധീനിച്ചു . വളരെയധികം അതിഥികളത് പ്രകടിപ്പിക്കുകയും ചെയ്തു.

അധ്യാപകനായ ഒരു അതിഥി പറയുന്നു: 'ഹുദൂറിന്റെ പ്രഭാഷണം എന്നിൽ അഗാധമായ സ്വാധീനമാണുണ്ടാക്കിയത്. ഈ വിശദീകരണം അനിവാര്യമായിരുന്നു. മസ്ജിദിന്റെ ലക്ഷ്യങ്ങളെ കുറിച്ച് അങ്ങ് നല്കിയ വിവരണത്തിൽനിന്ന് മസ്ജിദുകൊണ്ട് അതിനു ചുറ്റിലുമുള്ളവർക്ക് എന്തെന്തെല്ലാം പ്രയോജനമുള്ളതാണെന്ന കാര്യം എന്നിൽ വളരെ വളരെ സന്തോഷമുളവാക്കി. പരസ്പരം ഭിന്നതയുണ്ടെങ്കിലും പൊതു കാര്യങ്ങളിൽ നമ്മൾ ഒന്നാകേണ്ടതാണ്. ബാഹ്യമായ ഐക്യം സൃഷ്ടിച്ചു കൊണ്ട് സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കേണ്ടതാണ്. അതിമഹത്തായ ഒരു സന്ദേശമായിരുന്നു ഇത്. ഇതനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ സമൂഹം വളരെ ഉന്നതി പ്രാപിക്കുന്നതാണ്.'

ഒരു യൂണിവേഴ്സിറ്റി പ്രൊഫസർ തന്റെ അനുഭവം വിശദീകരിക്കുന്നു: 'ഗുണപ്രദമായ കാര്യങ്ങളിലേക്ക് നോക്കണമെന്നും പരസ്പരം ഭിന്നതയുള്ള ഇടങ്ങളിൽത്തന്നെ പൊതുവായ കാര്യങ്ങളുമുണ്ടെന്നതായിരുന്നു ഹുദൂറിന്റെ സന്ദേശം. വിസ്മയിപ്പിക്കുന്ന ഒരു സന്ദേശമാണിത്. ഇതു മുഖേന സമൂഹത്തിൽ അതിമഹത്തായ മാറ്റം സൃഷ്ടിക്കാൻ കഴിയും. പരസ്പരം സഹകരിച്ച് നാം പ്രവർത്തിക്കേണ്ടതുണ്ട്. പരസ്പരം ആദരവോടെ പെരുമാറേണ്ടതുണ്ട്. വളരെ നല്ല സന്ദേശമാണിത്. യു.എസ്.എ യുടെ പരിതഃസ്ഥിതിയിൽ ഈ സന്ദേശത്തിന് വളരെയധികം പ്രാധാന്യമുണ്ട്. അമേരിക്കക്കാർ എന്ന നിലയിൽ നമ്മൾ സ്വന്തം കാര്യത്തിനുവേണ്ടി മാത്രമല്ല, മക്കൾക്കുവേണ്ടിയും പ്രവർത്തിക്കേണ്ടതുണ്ട്. സമൂഹത്തിലെ എല്ലാവരേയും പങ്കെടുപ്പിച്ചുകൊണ്ട് നമ്മൾ പ്രവർത്തിക്കേണ്ടതാണ്. ഈ വിസ്മയിപ്പിക്കുന്ന സന്ദേശം എന്നിൽ വളരെയധികം സ്വാധീനമുളവാക്കി.

ഗാംബിയ എംബസിയുമായി ബന്ധമുള്ള ലാമിൻ(Lamin) സാഹിബ് തന്റെ വികാരം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു: 'വളരെയധികം സ്വാധീനമുളവാക്കുന്ന പ്രഭാഷണമായിരുന്നു ഇത്. സ്വയം ഞാൻ ഒരു അഹ്മദിയ്യാ സ്കൂളിൽ പഠിച്ച വ്യക്തിയാണ്. ഞാനിന്ന് എന്താണോ അത് അഹ്മദിയ്യാ ജമാഅത്തിന്റേതാണ്. അവിടെനിന്ന് എനിക്കു കിട്ടിയതാണ്. എനിക്ക് നിങ്ങളോട് വളരെയധികം നന്ദിയുണ്ട്. ഗാംബിയ അംബാസിഡറിന്റെ ഭാഗത്തുനിന്നും എന്നല്ല മുഴുരാജ്യത്തിന്റേയും ഭാഗത്തു നിന്നുമുള്ള നന്ദി ഞാൻ നിങ്ങൾക്ക് പറയുകയാണ്. ഗാംബിയായിൽ നിങ്ങൾ നിർവഹിക്കുന്ന സേവനങ്ങൾ മഹനീയമാണ്. സ്കൂളുകൾ, ഹോസ്പിറ്റലുകൾ തുടങ്ങി പ

**അല്ലാഹുവിന്റെ കലാം:**

**'നിങ്ങൾ മനഃപൂർവം സത്യത്തെ അസത്യവുമായി കലർത്തുകയും സത്യം മറച്ചു വെക്കുകയും ചെയ്യരുത്.'**
**(2:43)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef & Family**
**Ahmadiyya Jama-ath Vaniyambalam, Kerala.**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**'ഭൗതികശക്തികൾ ഇസ്‌ലാം–അഹ്മദിയ്യത്തിനെ തെല്ലും ഭയപ്പെടേണ്ട ആവശ്യമില്ല. എല്ലാ രൂപത്തിലും ഞങ്ങൾ ഒരു ആത്മീയ ജമാഅത്താണ്.'**
**(ഡന്മാർക്ക് പര്യടനം, ചോദ്യോത്തരം 2016 മെയ് 18)**

**ത്വാലിബെ ദുആ:**
**P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.**

ലതും മുഖേന എല്ലാ സ്ഥലത്തും നിങ്ങൾ മാനവകുലത്തിന് സേവനമർപ്പിച്ചു വരുന്നു. നിങ്ങളോട് വളരെയധികം നന്ദിയുണ്ട്.'

ഒരു വനിത തന്റെ വികാരം ഈ വാക്കുകളിൽ പങ്കു വെച്ചു: 'ഹുദൂറിന്റെ സന്ദേശം കേട്ടപ്പോൾ ഞാൻ വളരെയധികം വികാരാധീനയായി. എനിക്ക് ഈ സന്ദേശം വളരെയധികം സമാധാന നിർഭരമായിരുന്നു. അവയിൽ ശുഭ പ്രതീക്ഷയുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ ഈ പ്രഭാഷണം സുപ്രധാന സന്ദേശം ഉൾക്കൊള്ളുന്നതാണ്. മുസ്‌ലിമീങ്ങൾക്കും അമുസ്‌ലിമീങ്ങൾക്കും ഇടയിലും കറുത്തവർക്കും വെളുത്തവർക്കും ഇടയിലും വളരെയധികം വിടവുകൾ നിലനില്ക്കുന്നുണ്ട്.ഇവകൾക്കെല്ലാം നമ്മൾ പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ബാഹ്യമായ ആദരവിലൂടെ മാത്രമേ അത് സാധ്യമാകൂ. അയൽവാസിയുടെ നിർവചനം ഹുദൂർ നല്കിയതും അവരോടുള്ള സൽപ്പെരുമാറ്റത്തെ കുറിച്ച് സൂചിപ്പിച്ചതും വളരെയധികം മതിപ്പുളവാക്കുന്നതാണ്. ഈ സന്ദേശം കേട്ടതിന് ശേഷം ഇസ്‌ലാമിനെ കുറിച്ച് കൂടുതൽ പഠിക്കണമെന്നുള്ള തോന്നൽ എനിക്കുണ്ടായി. നിങ്ങൾക്ക് വളരെ യധികം നന്ദി.'

മറ്റൊരതിഥി പറയുന്നു:'പരസ്പരം സഹകരിച്ച് പ്രവർത്തിക്കണമെന്നുള്ള സന്ദേശം വളരെയധികം മഹത്ത്വമുള്ളതാണ്. ഞാൻ ഹിന്ദു മതവിശ്വാസിയാണ്. എന്നിരുന്നാലും എനിക്കിവിടെ വരാൻ കഴിഞ്ഞു. കാരണം നാമെല്ലാവരും മനുഷ്യരാണ്. നാമെല്ലാവരും ഒന്നു ചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. ഇവിടെ വന്നതിലും ഇങ്ങനെയൊരു സന്ദേശം കേൾക്കാൻ കഴിഞ്ഞതിലും എനിക്ക് വളരെയധികം സന്തോഷമുണ്ട്.

41 ജില്ലയുടെ സ്റ്റേറ്റ് പ്രതിനിധി (Representative of State from 41 District)യായ ബിലാൽ അലി സാഹിബ് തന്റെ പ്രതികരണം ഈ വാക്കുകളിൽ നല്കി: ഹുദൂർ നല്കിയ സന്ദേശത്തിന്റെ പ്രതിധ്വനി ഇവിടെ പങ്കെടുത്ത വ്യക്തികളിൽനിന്ന് കേൾക്കാൻ കഴിയുന്നു. ബാഹ്യമായ ഐക്യവും അഖണ്ഡതയും സ്നേഹവും നിറഞ്ഞ അന്തരീക്ഷം സൃഷ്ടിക്കാൻ ഈ സന്ദേശം സുപ്രധാനമാണ്. ഇസ്‌ലാമിന്നെതിരിൽ നിലനില്ക്കുന്ന അഭ്യൂഹങ്ങൾ നീക്കാൻ ഈ സന്ദേശം വളരെ ഉപകരിക്കും. നിങ്ങളുടെ മോട്ടോ ആയ 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' നമുക്കെല്ലാം സ്വീകാര്യമായ മോട്ടോയാണ്. കൃത്യസമയത്തുതന്നെ ഹുദൂർ വളരെയധികം പ്രശ്നങ്ങളുടെ പരിഹാരം നമുക്ക് പറഞ്ഞു തന്നു. പ്രത്യേകിച്ചും ഇവിടുത്തെ സാഹചര്യങ്ങളിൽ ഒരു പരിധിവരെ രാഷ്ട്രീയപരമായ അഭിപ്രായങ്ങൾപോലും മുസ്‌ലിമീങ്ങൾക്കെതിരിൽ വൈകാരികത സൃഷ്ടിക്കാൻ കാരണമായിത്തീരാറുണ്ട്. ഹുദൂറിനെ പോലുള്ള ശ്രേഷ്ഠ വ്യക്തിത്വങ്ങളുടെ ഇവിടേക്കുള്ള വരവും ഈ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള മാർഗദർശനവും വളരെ നല്ല കാൽവെപ്പാണ്. **(തുടരും)**

**(പേജ് 1ൽനിന്ന്)**

ങൾക്ക് സുവാർത്ത നല്കുകയാണ് യേശുമിശിഹായുടെ പേരിൽ വരുന്ന ഇബ്നു മർയമിനോടും ഈ വാക്കുകളിൽ സംബോധന ചെയ്ത് സുവാർത്ത നല്കിയിരിക്കുന്നു. ഇനി ഞാനുമായി ബന്ധപ്പെട്ട് ഈ മഹത്തായ വാഗ്ദാനവും മഹത്തായ സുവിശേഷവും ആഗ്രഹിക്കുന്നവർ അമ്മാറ(ദോഷപ്രവണമായ ആത്മാവ്) എന്ന തരംതാണ പദവിയിൽ കിടന്ന് ആജ്ഞാലംഘനത്തിന്റേയും കുറ്റകൃത്യത്തിന്റേയും വഴികളിൽ പ്രവൃത്തിക്കുന്നവരാണോ എന്ന് നിങ്ങൾ ചിന്തിച്ചുനോക്കുക. അല്ല, ഒരിക്കലുമല്ല. അല്ലാഹുവിന്റെ ഈ സത്യസന്ധമായ വാഗ്ദാനത്തെ വിലമതിക്കുന്നവരും ഞാൻ പറയുന്ന കാര്യങ്ങൾ കഥകളായി മനസ്സിലാക്കാത്തവരും ഓർമിക്കുകയും മനസുകൊണ്ട് കേൾക്കുകയും ചെയ്യുക. ഞാൻ വീണ്ടും ഞാനുമായി ബന്ധം വെക്കുന്നവരെ സംബോധന ചെയ്ത് പറയുകയാണ് നിങ്ങളുടെ ഈ ബന്ധം സാധാരണ ബന്ധമല്ല. പ്രത്യുത ദൃഢഗാഢമായ ബന്ധമാണ്. അത് എങ്ങനെയുള്ള ബന്ധമാണെന്നാൽ ഇതിന്റെ സ്വാധീനം എന്നിൽമാത്രം ഒതുങ്ങി നില്ക്കാതെ, എന്നിൽമാത്രം ഒതുങ്ങി നില്ക്കാതെ എന്നു മാത്രമല്ല പ്രത്യുത ലോകത്ത് സത്യസാക്ഷ്യത്തിന്റേയും സന്മാർഗത്തിന്റേയും ആത്മാവുമായി വന്ന ആ വ്യതദാസനായ സമ്പൂർണ മനുഷ്യൻവരെ എന്നെ കൊണ്ടെത്തിച്ചു. ഇക്കാര്യങ്ങളുടെ സ്വാധീനം എനിക്കുമാത്രം എത്തുകയാണെങ്കിൽ എനിക്കൊരു ഭയവും ആശങ്കയുമുണ്ടാകുമായിരുന്നില്ല. അത് ഗൗനിക്കേണ്ടിയും വരുമായിരുന്നില്ല; അവിടെ അത് ഒതുങ്ങി നില്ക്കുന്നില്ല. അതിന്റെ സ്വാധീനം നമ്മുടെ നബി(സ)തിരുമേനിവരേയും അല്ലാഹുവിന്റെ പരിപവിത്രമായ അസ്തിത്വം വരേയും എത്തുന്നു. ഇത്തരം അവസ്ഥയിൽ നിങ്ങൾ നല്ലവണ്ണം ചെവിയോർത്ത് കേൾക്കുക, ഈ സുവാർത്തയിൽ ഭാഗഭാക്കാകാൻ ആഗ്രഹിക്കുന്നെങ്കിൽ ഇതിന്റെ പ്രതിഭയാകാൻ മോഹമുണ്ടെങ്കിൽ ഇത്ര വലിയ വിജയത്തിന്റെ(ഖിയാമത്തുനാൾവരെ സത്യനിഷേധികളുടെമേൽ വിജയിച്ചിരിക്കും) സത്യമായ ദാഹം നിങ്ങളുടെ ഉള്ളിലുണ്ടെങ്കിൽ ഞാൻ ഇത്രമാത്രമെ പറയുന്നുള്ളു, ലവ്വാമായുടെ(സ്വയം ശാസകാത്മാവ്) പദവിയിലൂടെ കടന്ന് മുത്മഇന്നയുടെ(ശാന്തി പ്രാപിച്ച ആത്മാവ്) മിനാരംവരെ എത്താത്തിടത്തോളം ഈ വിജയം നിങ്ങൾക്കു കരസ്ഥമാകുകയില്ല.

ഇതിനെക്കാളുപരി ഞാൻ ഒന്നുംതന്നെ പറയുന്നില്ല. നിങ്ങൾ മാമൂർ മിനല്ലായു(അല്ലാഹുവിൻനിന്ന് നിയോഗിതനായ വ്യക്തിയു)മായി നിങ്ങളെ തുന്നിച്ചേർത്തു വെച്ചിരിക്കുന്നവരാണ്. അതുകൊണ്ട് പ്രതിജ്ഞ ചെയ്തതിനു ശേഷം നിഷേധത്തിന്റെ മാലിന്യത്തിൽ വീണ് അനശ്വരമായ ശിക്ഷ വിലക്കുവാങ്ങുന്നവരിൽ ആകാതിരിക്കാൻ അയാൾ പറയുന്ന കാര്യങ്ങൾ ഹൃദയത്തിന്റെ ചെവികൊണ്ട് കേൾക്കുകയും അതനുസരിച്ച് കർമങ്ങൾ ചെയ്യാൻ എപ്പോഴും സന്നദ്ധരായിരിക്കുകയും ചെയ്യുക." (മൽഫൂദാത്ത് വാല്യം 1 പേജ് 87–89, 2018 ഖാദിയാൻ)




# ജർമനിക്കൊരു ദൈവിക ദൃഷ്ടാന്തം

**സയ്യിദ് അമർ സഫീർ ലണ്ടൻ**
**വിവർത്തകൻ:കെ.വി.ഹസൻകോയ, കോഴിക്കോട്**

**(കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച)**

എന്റെ മുമ്പിൽ വച്ചുതന്നെ ഹുദൂർ സ്കെച്ചുകൾ വരക്കുകയും മുൻ കവറിന്റെ ഡിസൈൻ ചെയ്യുന്നതെങ്ങനെയെന്നു പറയുകയും ചെയ്യും. ഹുദൂറിന്റെ 'മാസ്റ്റർ ക്ലാസുകൾ' നേരിട്ട് നടത്തുന്നതിനാൽ ഞാൻ അനുഗൃഹീതനായി എന്നു പറഞ്ഞാൽ മതി. അതുമുഖേന മാസികയെ പുതിയ ഉയരങ്ങളിലെത്തിക്കാൻ ഞാൻ പ്രാപ്തനായി.

ഇപ്പോൾ ഈ മാർഗദർശനം മറ്റു ഭാഷാപതിപ്പുകളിലും വികസിക്കുകയാണ്. ജർമൻ പതിപ്പു ടീമിനും ഹുദൂറിനെ കാണാനുള്ള സൗഭാഗ്യം ഉണ്ടായിട്ടുണ്ട്. അതുവഴി മാർഗദർശനവും കിട്ടിയിട്ടുണ്ട്. ഈ യോഗങ്ങളിൽ സാക്ഷിയാവാനുള്ള ബഹുമതി എനിക്കും ലഭിച്ചിട്ടുണ്ട്. ജർമനിയിൽ ദി റിവ്യൂ ഓഫ് റിലീജ്യൻസിന് തന്റെ കാഴ്ചപ്പാടിന്റെ ബാഹ്യരേഖ നല്കുകയും അതിന്റെ ഉള്ളടക്കം അനുസരിച്ചു സംവിധാനം ചെയ്യുകയും ചെയ്തിരുന്നു.

എന്റെ നിഗമനം? എനിക്ക് വ്യക്തിപരമായി ഒരിക്കലും ജർമൻ സ്നേഹിതന്റെ ഉപദേശം ആവശ്യമായിരുന്നില്ല. ആ വ്യക്തി യൂറോപ്യൻ മാധ്യമത്തിലുംമാസികവ്യവസായത്തിലുംവളരെ ഉന്നതനിലയിലായിരുന്നുവെന്ന് ഞാൻ മുകളിൽ സൂചിപ്പിച്ചിരുന്നുവല്ലോ. അദ്ദേഹം എനിക്ക് തന്ന ഉപദേശം മുമ്പേതന്നെ ഹുദൂറിൽനിന്നു ഞാൻ പഠിച്ചിരുന്നു.

അതുകൊണ്ട് ഈ മുഴുവൻ കൂടിക്കാഴ്ചകളും പിന്നീട് എനിക്ക് ജർമൻ മാസിക വ്യവസായ സ്നേഹിതനിൽനിന്ന് ലഭിച്ച സഹായവും താഴെ പറയുന്ന കാരണം കൊണ്ടാണെന്ന് ഞാൻ ശക്തമായി വിശ്വസിക്കുന്നു. തുടക്കത്തിൽ, ജർമൻ പതിപ്പ് വിജയകരമാകുമോ എന്ന കാര്യത്തിൽ ചിലർ ശക്തമായ ചില അസ്വസ്ഥതകൾ പ്രകടിപ്പിച്ചിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിച്ചിട്ടുണ്ട്. ജർമൻ പതിപ്പുമായി ജർമൻ പൊതുജനങ്ങളെ ബന്ധിപ്പിക്കാൻ കഴിയുമോ? നല്ലത്, ജർമൻ പതിപ്പ് സമാരംഭിക്കുന്നതിനു മുമ്പേതന്നെ ഇതിനുള്ള മറുപടി ലഭിച്ചിരുന്നു.

അങ്ങനെയുള്ള സ്വാധീനശക്തിയുള്ള ഒരു വ്യക്തി സ്വയം അപ്രതീക്ഷിതമായി വന്നു സൗജന്യമായും നിസ്വാർഥമായും അങ്ങനെ ജർമൻ പതിപ്പിന്റെ സമാരംഭത്തിന് സഹായവും ഉപദേശവും നല്കുകയെന്നത് എന്നെ സംബന്ധിച്ചിടത്തോളം ഹുദൂറിനനുകൂലമായ ദൈവിക ഇടപെടലിന്റെ വ്യക്തമായ ദൃഷ്ടാന്തമാണ്. അമുസ്‌ലിമീങ്ങളായ ജർമൻ ജനത അതും ഉന്നത നിലയിലുള്ളവർ, വാഗ്ദത്ത മസീഹ്(അ)ന്റെ സന്ദേശം സ്വീകരിക്കാൻ തയ്യാറാണെന്ന സന്ദേശമാണ് നല്കുന്നത്. ദി റിവ്യൂ ഓഫ് റിലീജ്യൻസിന്റെ ജർമൻ പതിപ്പിനൊപ്പം മറ്റു വഴികളിലും അവർ തയ്യാറാണ്. ഹുദൂർ ജർമൻ പതിപ്പിന്റെ സമാരംഭം കുറിച്ചുകൊണ്ട് അതിന്റെ ബാഹ്യരേഖഉണ്ടാക്കിയിരിക്കുന്നു.ആ കാഴ്ചപ്പാട് ദൈവപ്രചോദിതമാണ്. ചില വിഷമതകളും ആശങ്കകളും ഉണ്ടായിരുന്നു. പക്ഷേ അത്തരം വിഷമതകൾ പ്രകടമാകുന്നതിനു മുമ്പേതന്നെ ആകാശത്തുനിന്ന് സഹായം എത്തിച്ചേർന്നു.

പുതിയ ജർമൻ വെബ്സൈറ്റിന്റെ സമാരംഭത്തിനുള്ള ഐപാഡിലുള്ള ലോഞ്ച് ബട്ടൻ ഹുദൂർ (അയ്യദഹുല്ലാഹ്) അമർത്തിയപ്പോൾ സൈറ്റ് നോക്കാനും ഉള്ളടക്കത്തെക്കുറിച്ചുള്ള വിവിധ രീതിയിലുള്ള ചോദ്യങ്ങൾ ചോദിക്കാനും ഹുദൂർ സമയം കണ്ടെത്തി. വിട്ടുപോകുന്നതിനു മുമ്പേ ഹുദൂർ പ്രാർത്ഥിച്ചു. ഇത് വൈകാരികമായ ഒരു നിമിഷമായിരുന്നു. ഹുദൂർ (അയ്യദഹുല്ലാഹ്) ജർമൻ പതിപ്പിന്റെ വിജയത്തിനുവേണ്ടി പ്രാർഥിച്ചു എന്നതിൽ സംശയമില്ല. മേൽ ഉദാഹരണത്തിലൂടെ നാം കണ്ടിട്ടുള്ളതാണ്, അല്ലാഹു ആദ്യമേതന്നെ തന്റെ ഖലീഫക്കുമേൽ തന്റെ സഹായവും പിന്തുണയും നല്കിക്കൊണ്ടിരിക്കുകയാണ്. ഭാവിയിലും അങ്ങനെത്തന്നെയായിരിക്കും. ഇൻശാഅല്ലാഹ്.(ദ്രി റിവ്യൂ ഓഫ് റിലീജ്യൻസ്, സപ്തംബർ 2019)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-4 Thursday 07 November 2019 Issue-45

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# മജ്‌ലിസ് അൻസ്വാറുല്ലാഹ് കെനിയ(Kenya)

മജ്‌ലിസ് അൻസ്വാറുല്ലാഹ് കെനിയ(ഗല്യിമ)യായുടെ നേതൃത്വത്തിൽ നാഷണൽ തർബിയ്യത്ത് ക്ലാസും നാഷണൽ ഇജ്തിമാഉം മജ്‌ലിസെ ശൂറായും സംഘടിപ്പിച്ചു.

**നാഷണൽ തർബിയ്യത്ത് ക്ലാസ്:**

അൽഹംദുലില്ലാഹ് മജ്‌ലിസ് അൻസ്വാറുല്ലാഹ് കെനിയയ്ക്ക് നൈറോബി ഹെഡ് കോർട്ടേഴ്സിൽ നാലു ദിവസത്തെ തർബിയ്യത്ത് ക്ലാസ് 2019 ഒക്ടോബർ 14 മുതൽ 17 വരെ സംഘടിപ്പിക്കാൻ തൗഫീഖ് ലഭിച്ചു. ഇതിൽ രാജ്യംമുഴുവനുമുള്ള 63 അൻസ്വാർ പ്രതിനിധികൾ പങ്കെടുത്തു. ഒക്ടോബർ 14ന് രാവിലെ സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് ശേയ്ഖ് സമീർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ക്ലാസുകൾക്ക് തുടക്കം കുറിച്ചു. ഓരോ ദിവസവും പരിപാടി ആരംഭിച്ചിരുന്നത് തഹജ്ജുദ് നമസ്കാരത്തോടുകൂടിയായിരുന്നു. ദിവസം മുഴുവൻ തഅ്ലീമി തർബിയ്യത്തി പരിപാടികൾ നടന്നു. അതിനോടൊപ്പം പ്രഭാത സവാരിയും വിവിധ കായിക പരിപാടികളും ക്രമപ്പെടുത്തിയിരുന്നു. ക്ലാസിൽ പങ്കെടുത്തവർക്കുവേണ്ടി മെഡിക്കൽ ചെക്കപ്പിനുള്ള സംവിധാനവും ചെയ്തിരുന്നു. കെനിയ ലെൻസ് ക്ലബിന്റെ സഹകരണത്തോടെ കണ്ണുപരിശോധനയും സംഘടിപ്പിച്ചിരുന്നു. അർഹരായ അൻസ്വാറിന് കണ്ണടകളും ലഭ്യമാക്കി. ഓപ്പറേഷൻ ആവശ്യമുള്ളവർക്ക് അതിന്റെ തിയതിയും നല്കി. ഈ ക്ലാസിന്റെ സമാപന ദിവസം സിലബസ് അനുസരിച്ച് പഠിപ്പിച്ചിട്ടുള്ള പാഠങ്ങളുടെ അടിസ്ഥാനത്തിൽ പരീക്ഷയും നടത്തി.

**മജ്‌ലിസ് അൻസ്വാറുല്ലാഹ് നാഷണൽ ഇജ്തിമാഅ്:**

ദൈവകൃപയാൽ കെനിയ മജ്‌ലിസ് അൻസ്വാറുല്ലായുടെ നാഷണൽ ഇജ്തിമാഅ് 2019 ഒക്ടോബർ 18, 19 തിയതികളിൽ സംഘടിപ്പിച്ചു. നൈറോബി മിഷൻ ഹൗസിൽ ജുമുഅ നമസ്കാരത്തിനുശേഷം ഇജ്തിമാ ആരംഭിച്ചു. സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാഹ് പരിപാടി ഉൽഘാടനം ചെയ്തു. ഉൽഘാടന യോഗത്തിനുശേഷം വൈജ്ഞാനിക മത്സരങ്ങൾ നടന്നു. അതിൽ സ്വഫ്ഫെ അവ്വലിലേയും സ്വഫ്ഫെ ദോമിലേയും അൻസ്വാർ പങ്കെടുത്തു. വിശുദ്ധ ഖുർആൻ നോക്കി ഓതൽ, നമസ്കാരം, നമസ്കാരം തർജമയോടുകൂടി, ജനാസ നമസ്കാരം, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ എന്നിവ അടിസ്ഥാനമാക്കിയുള്ള മത്സരങ്ങളാണ് സംഘടിപ്പിച്ചത്. അതിനുശേഷം ഹദ്റത്ത് അമീറുൽ മുഅ്മിനീന് കത്തെഴുതാനുള്ള സമയം അൻസ്വാറിന് നല്കപ്പെട്ടു. ഭക്ഷണത്തിനുശേഷം ആദ്യ ദിവസത്തെ പരിപാടി സമാപിച്ചു.

രണ്ടാം ദിവസത്തെ പരിപാടി സാധാരണയെന്നപോലെ തഹജ്ജുദ് നമസ്കാരത്തോടെ ആരംഭിച്ചു. തഹജ്ജുദിനും സുബ്ഹി നമസ്കാരത്തിനും ശേഷം ഹദീഥ് ദർസ് നടന്നു. അതിനുശേഷം പ്രഭാതസവാരിയും കായിക മത്സരങ്ങളും നടന്നു. എട്ടു മണിക്ക് പ്രാതൽ നല്കപ്പെട്ടു. തുടർന്ന് ഫുട്ട്ബോൾ, വോളിബോൾ, പഞ്ചഗുസ്തി, കസേരകളി, സൈക്കിൾ ഓട്ടം, സന്ദേശകൈമാറ്റം, വടംവലി തുടങ്ങിയ മത്സരങ്ങൾ അരങ്ങേറി. ഇതിൽ അൻസ്വാർ സഹോദരങ്ങൾ അത്യുത്സാഹത്തോടും ആവേശത്തോടും കൂടി പങ്കെടുത്തു. ഈ മത്സരപരിപാടി ള്വുഹ്ർ നമസ്കാരം വരെ തുടർന്നു. ള്വുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾക്കുശേഷം ഉച്ച ഭക്ഷണം വിതരണം ചെയ്തു.

ഉച്ചകഴിഞ്ഞ് രണ്ടരമണിക്ക് തർബിയ്യത്ത് പരിപാടികൾ ആരംഭിച്ചു. നായിബ് സ്വദ്ർ സ്വഫ്ഫെ ദോയം അബ്ദുൽ അസീസ് ഗാക്കോറിയ സാഹിബ് അധ്യക്ഷനായി. ഈ യോഗത്തിൽ അബ്ദുല്ലാഹ് ഹുസയ്ൻ ജുമുഅ സാഹിബും മുഅല്ലിം മുഹമ്മദ് മാക്കർചോഹ് സാഹിബും തർബിയ്യത്ത് കാര്യങ്ങളിലൂന്നി പ്രസംഗിച്ചു. അതിനുശേഷം വിശ്രമമായിരുന്നു.

വിശ്രമത്തിനുശേഷം കെനിയ അമീറും മിഷണറി ഇൻചാർജുമായ ത്വാരിഖ് മഹ്മൂദ് ള്വഫ്ർ സാഹിബിന്റെ അധ്യക്ഷതയിൽ സമാപന പരിപാടിയ്ക്ക് തുടക്കം കുറിച്ചു. വിശുദ്ധ ഖുർആൻ പാരായണത്തിനും പ്രതിജ്ഞയ്ക്കും പദ്യാലാപനത്തിനും ശേഷം സ്വദ്ർ സാഹിബ് മജ്‌ലിസ് അൻസ്വാറുല്ലാഹ് കെനിയ ക്ലാസിന്റേയും ഇജ്തിമാഇന്റേയും ഹ്രസ്വ റിപ്പോർട്ട് അവതരിപ്പിച്ചു. അതിനുശേഷം ബഹുമാനപ്പെട്ട അമീർ സാഹിബ് മത്സരങ്ങളിലെ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഹ്രസ്വഭാഷണം നടത്തുകയും ചെയ്തു. കൂട്ടപ്രാർഥനയോടെ ഇജ്തിമാ സമാപിച്ചു. ഈ ഇജ്തിമായിൽ 52 മജ്‌ലിസിൽനിന്ന് 112 പ്രതിനിധികൾ പങ്കെടുത്തു.

**ശൂറാ മജ്‌ലിസ് അൻസ്വാറുല്ലാഹ്:**

ഇതേ ദിവസംതന്നെ കെനിയ മജ്‌ലിസ് അൻസ്വാറുല്ലായുടെ ശൂറായുടെ ആദ്യത്തെ യോഗം സ്വദ്ർ മജ്‌ലിസ് അൻസ്വാറുല്ലാ കെനിയയുടെ അധ്യക്ഷതയിൽ മഗ്‌രിബ്-ഇശാ നമസ്കാരങ്ങൾക്കു ശേഷം നടന്നു. മജ്‌ലിസ് ശൂറാ സെക്രട്ടറി, ശൂറായുടെ അജന്റയിൽ ചേർത്തിട്ടുള്ള പദ്ധതികൾ വായിച്ചു കേൾപ്പിച്ചു. പിന്നീട് അതിനുവേണ്ടി സബ്കമ്മിറ്റി തിരഞ്ഞെടുപ്പ് നടന്നു. ഇപ്രാവശ്യം തർബിയ്യത്തിനെ സംബന്ധിച്ച് രണ്ടും മാൽ, ബജറ്റിനെ സംബന്ധിച്ച് ഒന്നും മൊത്തം മൂന്നു പദ്ധതിയാണ് അജന്റയിൽ ഉൾക്കൊള്ളിച്ചിരുന്നത്. അടുത്ത ദിവസം മൂന്നു സബ് കമ്മിറ്റിയുടേയും യോഗങ്ങൾ നിശ്ചിത സ്ഥലങ്ങളിൽ ചേർന്നു.

9 മണിക്ക് ശൂറായുടെ രണ്ടാമത്തെ മീറ്റിംഗ് സ്വദ്ർ സാഹിബ് മജ്‌ലിസ് അൻസ്വാറുല്ലായുടെ അധ്യക്ഷതയിൽ ചേർന്നു. ഒഴിവാക്കുന്ന പദ്ധതികളെ സംബന്ധിച്ച് സെക്രട്ടറി സാഹിബ് വായിച്ചു കേൾപ്പിച്ചു. അത് അജന്റയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണങ്ങളും വ്യക്തമാക്കി. പിന്നീട് മൂന്ന് സബ് കമ്മിറ്റികളുടേയും സ്വദ്ർ സാഹിബുമാർ തങ്ങളുടെ റിപ്പോർട്ട് അവതരിപ്പിച്ചു. അതിൽ ചർച്ചകൾ നടന്നു. മൂന്നു സബ് കമ്മിറ്റിയുടെ ശിപാർശകളിലും അഭിപ്രായ പ്രകടനങ്ങൾ നടന്നു.

അതിനുശേഷം സ്വദ്ർ സാഹിബ് കഴിഞ്ഞ ശൂറായുടെ തീരുമാനങ്ങൾ നടപ്പാക്കിയതിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു.

ഈ അവസരത്തിൽ അമീർ സാഹിബ് കെനിയായുടെ അധ്യക്ഷതയിൽ സ്വദ്ർ മജിലസ് അൻസ്വാറുല്ലായുടേയും നായിബ് സ്വദ്ർ അൻസ്വാറുല്ലാഹ് സ്വഫ്ഫെ ദോമിന്റേയും തിരഞ്ഞെടുപ്പും നടന്നു.(മുഹമ്മദ് അഫ്ളൽ ള്വഫ്ർ, അൽഫള്ൽ ഇന്റർനാഷണൽ പ്രതിനിധി കെനിയ)(അൽഫള്ൽ 25-10-2019)

# മലപ്പുറം ജില്ല ഭാരവാഹികൾ റഫ്രഷർ കോഴ്സ്

**വാണിയമ്പലം:** മലപ്പുറം ജില്ല അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഭാരവാഹികൾക്കുവേണ്ടി ഒക്ടോബർ 27 ന് വാണിയമ്പലം മസ്ജിദ് ഫള്ലിൽ റഫ്രഷർ കോഴ്സ് സംഘടിപ്പിച്ചു. മലപ്പുറം ജില്ലാ മുബല്ലിഗ് ഇൻചാർജ് ബി.എം. ആരിഫ് മുഹമ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ രാവിലെ 9.30ന് സി.കെ. സ്വാലിഹ് സാഹിബിന്റെ ഖുർണ്ടആൻ പാരായണത്തോടെ പരിപാടിക്ക് തുടക്കം കുറിച്ചു. മലപ്പുറം ജില്ല അമീർ ടി.കെ.അമീറലി സാഹിബ് റഫ്രഷർ ക്ലാസ് ഉൽഘാടനം ചെയ്തു. അമീർ സാഹിബിന്റെ നേതൃത്വത്തിൽ ഖിലാഫത്ത് പ്രതിജ്ഞ എല്ലാവരും ഏറ്റു ചൊല്ലി.

'അമീർ/സ്വദ്ർ, മറ്റു ഭാരവാഹികളുടെ സ്ഥാനവും കടമകളും' എന്ന വിഷയത്തെ അധികരിച്ച് ഇൻചാർജ് മുബല്ലിഗ് സാഹിബ് ക്ലാസെടുത്തു. തുടർന്ന് ഇസ്‌ലാഹ് വ ഇർശാദ്, ഇസ്‌ലാഹ് കമ്മിറ്റി, രിശ്തനാത്താ തുടങ്ങിയ വകുപ്പുകളെ കുറിച്ച് മൗലവി കെ.വൈ. ശംസുദ്ദീൻ കാവശ്ശേരിയും, മാൽ, വസ്വായ, ഓഡിറ്റർ വകുപ്പുകളെ കുറിച്ച് ബയ്ത്തുൽ മാൽ ഇൻസ്പെക്ടർ മൗലവി എം.എ.മഹ്മൂദ് അഹ്മദ് സാഹിബും, ദഅ്‌വത്തെ ഇലല്ലാഹ്, ഇശാഅത്ത് വകുപ്പുകളെ കുറിച്ച് മൗലവി ടി.കെ. മഹ്മൂദ് കൽക്കുളവും ക്ലാസെടുത്തു.

ഉച്ചയ്ക്കുശേഷം നടന്ന പരിപാടിയിൽ 'ഉമൂറെ ഖാരിജ, ഉമൂറെ ആമ', 'തഅ്ലീം, തഅ്ലീമുൽ ഖുർആൻ വ വഖ്ഫെ ആർസി, വഖ്ഫെ നൗ', 'ളിയാഫത്ത്, ജാഇദാദ് ', 'തഹ്‌രീക്കെ ജദീദ്, വഖ്ഫെ ജദീദ്' എന്നീ വകുപ്പുകളെ കുറിച്ച് യഥാക്രമം പി.പി. ഹസൻ കോയ, മൗലവി ഹസീബ് അഹ്മദ്, മൗലവി കെ റിയാസ് അഹ്മദ്, മൗലവി. കെ. സിദ്ദീഖ് സാഹിബ് എന്നിവർ ക്ലാസെടുത്തു. ഓരോ വിഷയാവതരണത്തിനുശേഷം സംശയനിവാരണവും നടത്തുകയുണ്ടായി. ഓരോ വകുപ്പിന്റേയും ജില്ലാ സെക്രട്ടറിമാർക്ക് ജമാഅത്ത് സെക്രട്ടറിമാരെ പരിചയപ്പെടാനും നിർദേശങ്ങൾ നല്കാനുമുള്ള അവസരവുമുണ്ടായി.

ജില്ലയിലെ തൊണ്ണൂറു ശതമാനം ഭാരവാഹികളും കോഴ്സിൽ പങ്കെടുത്തു. ഓരോരുത്തരും അവരവരുടെ ഫയലുകൾ കൈമാറി. ജില്ലാ അമീർ സാഹിബിന്റെ സമാപന പ്രഭാഷണത്തിനും ദുആയ്ക്കും ശേഷം വൈകുന്നേരം 4.30ന് പരിപാടി സമംഗളം സമാപിച്ചു.(ടി.കെ.അമീർ അലി, ജില്ല അമീർ, മലപ്പുറം)

# 126-ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിഹിൽ അസീസ് 126-ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2019 ഡിസംബർ 27,28,29(വെള്ളി,ശനി,ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു.ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹുനമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസ സാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനും വേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ്

**(നാളിർ ഇസ്‌ലാഹ് -ഒ-ഇർശാദ് മർക്കസിയ്യ ഖാദിയാൻ)**

## കലാമുൽ ഇമാം:-

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:**

**"ഏഷ്യയിലേയും യൂറോപ്പിലേയും അമേരിക്കയിലേയും മനസ്സുകളിൽ മലക്കുകളുടെ സൈന്യം ആകാശത്തുനിന്നിറങ്ങുന്നത് നിങ്ങൾ കാണുന്ന കാലം വിദൂരമല്ല, പ്രത്യുത വളരെ അടുത്താണ്."**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Calicut (Kerala)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin